പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.391

16.07.2010-ൽ
മറുപടിയ്ക്ക്

## മൂന്നാറിൽ ടാറ്റായുടെ കൈവശമുള്ള വനഭൂമി

ചോദ്യം
ശ്രീ.വി.ഡി.സതീശൻ
ശ്രീ.കെ.ബാബു
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.എ.പി.അനിൽകുമാർ

മറുപടി
ശ്രീ.കെ.പി.രാജേന്ദ്രൻ
(ബഹു: റവന്യൂ വകുപ്പു മന്ത്രി)

(എ) മൂന്നാറിൽ ടാറ്റായുടെ കൈവശമുള്ള വനഭൂമി സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് സുപ്രീം കോടതി നിയോഗിച്ച *ഉന്നതാധികാര സമിതി സംസ്ഥാന സർക്കാർ* പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നുവോ;

(എ) മൂന്നാറിൽ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ടീം സന്ദർശനം നടത്തിയിരുന്നു. മൂന്നാറിൽ 1980 ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ ലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുക എന്നതായിരുന്നു, പ്രസ്തുത കമ്മിറ്റിയുടെ ദൗത്യം. ഈ സമിതി ഇടുക്കി ജില്ലാ കളക്ടറുമായി ഇടുക്കിയിൽ വച്ചും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് സെക്രട്ടറി എന്നിവരുമായി തിരുവനന്തപുരത്ത് വച്ചും ചർച്ച നടത്തിയിരുന്നു.

*സുപ്രീം കോടതി നിയമിച്ച സെൻട്രൽ* എംപവേർഡ് കമ്മിറ്റി അംഗങ്ങൾ ഉള്ള ഒരു ടീം വയനാട്, പാലക്കാട് ജില്ലകൾ സന്ദർശിച്ചിരുന്നു. കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ (*നിയന്ത്രണവും പുനരവകാശ സ്ഥാപനവും*) ആക്ട് സംബന്ധിച്ച് പഠിക്കുന്നതിനാണ് പ്രസ്തുത ടീം ഈ ജില്ലകൾ സന്ദർശിച്ചത്.

(ബി) ടാറ്റായുടെ കൈവശമുള്ള വനഭൂമി കണ്ടെത്തി അളന്ന് തിരിച്ച് ജണ്ട (അതിർത്തി കല്ല്) കെട്ടണമെന്ന് ഈ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) കെ.ഡി.എച്ച്.പി. കമ്പനി അവരുടെ കൈവശമുള്ള സ്ഥലത്തിന്റെ അളവ്, ഉപയോഗം എന്നിവ സംബന്ധിച്ച് *വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു* മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സംഘം ശുപാർശ ചെയ്തിട്ടുണ്ട്.

(സി) 1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്.പ്ലാന്റേഷന്റെ കൈവശം എത്ര വനഭൂമിയുണ്ട് എന്നാണ് സംസ്ഥാന സർക്കാർ കണക്കാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച എന്തൊക്കെ രേഖകളാണ് *സർക്കാരിന്റെ പക്കൽ ഉള്ളത് എന്ന്* വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വനഭൂമി അളന്ന് തിരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>(സി) യും (ഡി)യും (ഇ) യും:</u>

1974 ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്. പ്ലാന്റേഷന്റെ കൈവശം ആകെ 57192.65.580 ഏക്കർ *ഭൂമി ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.* ഇതിൽ 23239.08 ഏക്കർ തേയില കൃഷിയും 16898.91 ഏക്കർ വിറക് ആവശ്യത്തിനുള്ള പ്രദേശമായും, *1220.77* ഏക്കർ മേച്ചിൽ പ്രദേശമായും, 2617.69 ഏക്കർ കെട്ടിടങ്ങൾ, റോഡുകൾ മുതലായവ ഉൾപ്പെടുന്ന പ്രദേശമായും 2465.20 ഏക്കർ *അരുവികളുടെ ചതുപ്പ് ചേർന്ന* പ്രദേശമായും, 6393.59 ഏക്കർ കൃഷി യോഗ്യമല്ലാത്ത പ്രദേശമായും 4523.92 ഏക്കർ തോട്ടങ്ങളുടെ ഇടയിൽ കിടക്കുന്ന കൃഷിയില്ലാത്ത പ്രദേശമായും ലാന്റ് ബോർഡ് തിട്ടപ്പെടുത്തിയിരുന്നു. കെ.ഡി.എച്ച്. വില്ലേജിലെ ഭൂമി സർവ്വേ *പൂർത്തിയാക്കുന്നതിനുള്ള നടപടികൾ* പുരോഗമിക്കുകയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 392 16/07/2010-ൽ മറുപടിക്ക്

## വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി :<br>" ബാബു.എം.പാലിശ്ശേരി:<br>" എം.ചന്ദ്രൻ<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |

എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പ്രവർത്തന മികവിന്റെ പേരിൽ കേന്ദ്ര സർക്കാർ പുരസ്ക്കാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

എ) താഴെപ്പറയുന്ന പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

1. 2006-ൽ ദേശീയ ഇ-ഗവേണൻസ് പുരസ്കാരം.
2. 2008-ൽ ഡിജിറ്റൽ ലേണിംഗ് വിഭാഗത്തിൽ ഇന്ത്യയിലെ മികച്ച സർക്കാർ ഐ.റ്റി സംരംഭത്തിനുള്ള 'ഇ-ഇന്ത്യ 2008' അവാർഡ്.
3. ഏകജാലക സംവിധാനത്തിന് നാഷണൽ ഇ-ഗവേണൻസ് അവാർഡ്-2009.

ബി) വിദ്യാഭ്യാസ വകുപ്പിൽ ഇ-ഗവേണൻസ് സംരംഭങ്ങൾ കാര്യ ക്ഷമമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

ബി) & സി) പൊതു വിദ്യാഭ്യാസ വകുപ്പിലെ 'ഇ' ഗവേണൻസ് സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഐ.റ്റി @ സ്കൂൾ ആണ്. ഈ പ്രോജക്ടിന്റെ നേതൃത്വത്തിൽ നടന്ന പ്രധാന ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഇനി പറയുന്നു.
അദ്ധ്യാപകരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും സ്ഥലം മാറ്റവും നിയമനവും,
സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കമ്പ്യൂട്ടർവൽക്കരണം, സമ്പൂർണ്ണ കായികക്ഷമതാ പരിപാടിയുടെ കമ്പ്യൂട്ടർ വൽക്കരണം,

കേരള സ്കൂൾ കലോൽസവം നടത്തിപ്പ് ഓൺലൈനാക്കൽ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവേശന പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർ-വൽക്കരണം, പാഠപുസ്തക വിതരണത്തിലുള്ള ഇന്റന്റിംഗ് ഓൺലൈനാക്കൽ,

സി) ഇ-ഗവേണൻസ് ഏതെല്ലാം മേഖലകളിലാണ് നടപ്പാക്കിയത്;

'സ്പാർക്ക്' വിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കൽ, പ്രീമെട്രിക് സ്കോളർഷിപ്പിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തൽ, ഇ-ടെക്സ്റ്റ്ബുക്ക് ലഭ്യമാക്കൽ, വെബ്പോർട്ടൽ ലഭ്യമാക്കൽ, ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഏകജാലക സംവിധാനത്തിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കൽ, എസ്.എസ്.എൽ.സി പരീക്ഷാ ഫലം

'നെറ്റിൽ' ലഭ്യമാക്കൽ. ഇതു കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കി വരികയാണ്. സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശനം സമ്പൂർണ്ണമായും ഓൺലൈനാക്കി മാറ്റിക്കഴിഞ്ഞു. കേരള സർവ്വകലാശാലയിൽ പി.ജി കോഴ്സുകളുടെ പ്രവേശനം ഇതിനകം ഓൺലൈനാക്കിയിട്ടുണ്ട്. മറ്റു സർവ്വകലാശാലകളിലെ പ്രവേശനവും ഓൺലൈനാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരീക്ഷാ സംബന്ധമായ ജോലികൾ ഓൺലൈനാക്കുന്ന പ്രക്രിയ പുരോഗമിച്ചു വരികയാണ്. പരീക്ഷാ ജോലികളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് ശ്രീ.ശങ്കരാചാര്യ സർവ്വകലാശാലയ്ക്ക് ഒരു കോടി രൂപയും മറ്റു സർവ്വകലാശാലകൾക്ക് രണ്ടു കോടി രൂപാ വീതവും നടപ്പു വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ എല്ലാ സർവ്വകലാ ശാലകളിലും കോളേജുകളിലും നാഷണൽ മിഷൻ ഓൺ ഐ.സി.റ്റി പദ്ധതിയും നടപ്പാക്കുന്നതാണ്. സ്കോളർഷിപ്പ് പദ്ധതികളുടെ അപേക്ഷ സ്വീകരിക്കൽ, വിതരണം തുടങ്ങിയവയും ഓൺലൈനാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | സംസ്ഥാന സ്കൂൾ കലോത്സവം, ഉച്ചഭക്ഷണ പരിപാടിയുടെ നിർവ്വഹണം എന്നിവയ്ക്ക് ഇ- ഗവേണൻസ് സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | സ്കൂളുകളിൽ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ? | ഇ) | 2009-10-ൽ സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഹൈസ്ക്കൂളുകൾ, ഹയർസെക്കന്ററി സ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ ഓഫീസുകൾ എന്നിവിടങ്ങളിൽ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം സൗജന്യമായി ലഭ്യമാക്കി. ഐ.സി.ടി. പദ്ധതിയിലുൾപ്പെട്ട എയ്ഡഡ് സ്കൂളുകൾക്കും ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബ്രോഡ്ബാന്റ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ വയർലെസ് രൂപത്തിൽ ലഭ്യമാക്കിയിട്ടുള്ള ഇന്റർനെറ്റ് സൗകര്യം എക്സ്ചേഞ്ചുകളിൽ ബ്രോഡ്ബാന്റ് സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മാറ്റി നൽകുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ<br>ചോദ്യം നമ്പർ. 393 | 16.07.2010 - ൽ<br>മറുപടിയ്ക്ക് |

## സാമൂഹ്യ വികസനം പോളിടെക്നിക്കുകളിലൂടെ എന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ജോർജ് മേഴ്സിയർ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും<br>വകുപ്പ് മന്ത്രി) |
| (എ) സാമൂഹ്യ വികസനം പോളിടെക്നിക്കുകളിലൂടെ എന്ന പദ്ധതിയിൻ കീഴിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ പരിഷ്ക്കാരങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്; | എ) 1. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമവാസികളുടെ ഉന്നമനം<br>2. നിർദ്ധനരും തൊഴിൽരഹിതരുമായ യുവതലമുറയ്ക്ക് സ്വയം പര്യാപ്തമായ ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുന്നു.<br>3. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾ കിടപ്പാടമില്ലാതെ പാതയോരങ്ങളിൽ കഴിയുന്ന ബാല്യങ്ങൾ, ശാരീരിക വൈകല്യമുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ഉൾപ്പെടെ ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയവർക്ക് വിവിധ തൊഴിലധിഷ്ഠിത വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകുക.<br>4. സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ കേന്ദ്രമാക്കി പ്രാന്ത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സാംസ്കാരിക-സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പ്രായം-ലിംഗം-യോഗ്യത എന്നിവ പരിഗണിക്കാതെ വർഷംതോറും 24000 തൊഴിൽ രഹിതർക്ക് അനുയോജ്യമായ തൊഴിലുകളിൽ സൗജന്യപരിശീലനം നൽകുക.<br>5. കാലാനുസൃതവും അനുയോജ്യവുമായ നൂതന സാങ്കേതിക വിഷയങ്ങളിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുക.<br>6. പരമ്പരാഗത തൊഴിലുകളിൽ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തി വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സൗജന്യ സാങ്കേതിക സഹായം നൽകുക. |
| (ബി) സാങ്കേതിക വിദ്യയുടെ പ്രയോജനം ഗ്രാമീണ മേഖലകളിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; | ബി) 1. നൈപുണ്യ വികസന കോഴ്സുകൾ ഉപയോക്താക്കൾക്ക് നൽകുക.<br>2. പരമ്പരാഗത തൊഴിലുകളിൽ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപാദനക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തി വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സൗജന്യ സാങ്കേതിക സഹായം നൽകുക.<br>3. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്തതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ജനവിഭാഗത്തിന് നൂതന സാങ്കേതിക വിഷയങ്ങളിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുക. |

| | |
|---|---|
| (സി) സർക്കാർ അഗ്രി പോളിടെക്നിക്കുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; | സി) ബഹു: കേരള ഗവർണറുടെ 2008 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു അഗ്രി പോളിടെക്നിക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| ഡി) എങ്കിൽ ഇതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | ഡി) കേരള കാർഷിക സർവ്വകലാശാലയുടെ തവനൂരിലുള്ള അഗ്രികൾച്ചറൽ എൻജിനീയറിംഗ് കോളേജിനു കീഴിൽ പ്രസ്തുത അഗ്രികൾച്ചറൽ പോളിടെക്നിക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മതിയാവില്ല എന്നതിനാൽ പ്രസ്തുത പോളിടെക്നിക് ആരംഭിക്കാൻ തടസ്സങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ വിശദമായ നിർദ്ദേശം സമർപ്പിക്കാൻ തവനൂരിലെ അഗ്രികൾച്ചറൽ എൻജിനീയറിംഗ് കോളേജ് ഡീനിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഇ) ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനം ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

(signature)

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 394 16-7-2010-ലെ മറുപടി

## ബസ്സുകളുടെ ബോഡി നിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാര പരിശോധന

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്
ശ്രീ. വി. ശശികുമാർ
ശ്രീ. കെ.കെ. ദിവാകരൻ
ശ്രീ. എ. പ്രദീപ്കുമാർ

**ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ബസ്സുകളുടെ ബോഡി നിർമ്മാണം ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ മാനദണ്ഡവും രൂപരേഖയും പ്രകാരം നടത്തണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ അസോസ്സിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്-ൽ നിന്നും, ഓട്ടോമോട്ടീവ് റിസർച്ച് അസോസ്സിയേഷൻ ഓഫ് ഇന്ത്യയുടെ മാനദണ്ഡവും രൂപരേഖയും പ്രകാരം ബോഡി ബിൽഡിംഗ് നടത്തണമെന്ന നിർദ്ദേശം KSRTC ക്ക് ലഭിക്കുകയും, KSRTC അതുപ്രകാരം തന്നെ ബോഡി നിർമ്മാണം നടത്തിവരികയും ചെയ്യുന്നു. ARAI - യിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ KSRTC -യുടെ പാപ്പനംകോട്ടുള്ള സെൻട്രൽ വർക്സ് വർക്ക്ഷോപ്പിന് B-Class അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. ഇപ്രകാരം കേരളത്തിൽ ബസ് ബോഡി നിർമ്മാണത്തിന് അക്രഡിറ്റേഷൻ ലഭിച്ച ഏക സ്ഥാപനം കെ.എസ്.ആർ.ടി.സി. യാണ്. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | | |
| (ഡി) | ബോഡി നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | | |
| (ഇ) | ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ആർ.റ്റി.ഒ മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 395 16.07.2010 - ൽ മറുപടിക്ക്

## റോഡപകടങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് വളരെയേറെ സാധ്യതയുള്ള മേഖലകളെ സംബന്ധിക്കുന്ന ഒരു പഠന റിപ്പോർട്ട് സർക്കാരിന്റെ പക്കലുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും അത്തരത്തിൽ ഒരു പഠനറിപ്പോർട്ട് ഇല്ല. എന്നാൽ പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ അന്വേഷണത്തിൽ സംസ്ഥാനത്തെ 390 അപകട സാധ്യതാ മേഖലകളും (ആക്സിഡന്റ് പ്രോൺ ഏരിയ) 217-അതീവ അപകട സാധ്യതാ മേഖലകളും (black spots) കണ്ടെത്തിയിട്ടുണ്ട്. അതീവ അപകട സാധ്യതാ മേഖലകളിൽ 149 മേഖലകളിൽ ഹോംഗാർഡിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഓരോ മേഖലയിലും അപകടകാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. റോഡപകടങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായിച്ചേർന്ന് റോഡ് സേഫ്റ്റി അതോറിറ്റി ഏകോപിപ്പിച്ചുവരുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകട മേഖലയിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | |
| (സി) അപകട സാധ്യതയുണ്ടെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തിയോ; വിശദാംശങ്ങൾ നൽകുമോ; | |
| (ഡി) റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ കർശനമായി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 396 — 16.07.2010- ൽ മറുപടിനൽകേണ്ടത്.

### റവന്യൂ ഭരണം ശക്തവും സുതാര്യവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) റവന്യൂ ഭരണം ശക്തവും സുതാര്യവുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വില്ലേജ് തലത്തിൽ ജനകീയസമിതികൾ രൂപീകരിച്ചു. ജനങ്ങൾക്ക് പ്രയോജനകരമാകുന്നവിധത്തിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ ദീർഘകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ആഫീസുകളിൽ ഇൻഫർമേഷൻ കൗണ്ടർ തുറക്കുകയും ഭൂരിപക്ഷം കളക്ട്രേറ്റുകളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് വേഗതയോടെ ഫയലുകൾ കൈകാര്യം ചെയ്യുന്ന സംവിധാനമായ ഡി.സി.സ്യൂട്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കളക്ട്രേറ്റുകളിൽ ഡി.സി. സ്യൂട്ട് നടപ്പിൽ വരുത്തുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. താലൂക്ക്തല വികസന സമിതികൾ രൂപീകരിച്ച് പ്രവൃത്തിപഥത്തിലെത്തിച്ചിട്ടുണ്ട്. വകുപ്പിലെ അഴിമതി തടയാനായി മൂന്ന് മേഖലാ വിജിലൻസ് വിഭാഗങ്ങൾ രൂപീകരിച്ചു. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ താലൂക്കുകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. കളക്ട്രേറ്റുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. റവന്യൂ-സർവ്വെ ജീവനക്കാർക്ക് പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു. ടോൾ ഫ്രീ കാൾ സെന്റർ ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിൽ സ്ഥാപിച്ചു. റവന്യൂ വകുപ്പിലെ സർവ്വേ വിഭാഗവും ഭൂരേഖാ പരിപാലനവും ശക്തിപ്പെടുത്തി ഭൂമി സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കാൻ താലൂക്കാഫീസുകളിലേക്ക് കൂടുതൽ സർവ്വേയർമാരെ മാറ്റി നിയമിച്ചു. കെ.എൽ.സി.ആക്റ്റിൽ (കേരള സ്റ്റേറ്റ് ലാന്റ് കൺസർവൻസി ആക്റ്റ്) ശിക്ഷാ നടപടികൾ ചേർത്തുകൊണ്ട് നിയമ ഭേദഗതി നടപ്പിലാക്കി. നെൽവയലുകൾ നികത്തുന്നത് തടയുന്നതിനുള്ള പുതിയ നിയമനിർമ്മാണം |

നടത്തി. ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലാതലദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉദാരമായ സമീപനം കൈക്കൊണ്ടു. ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കി. പ്രകൃതിക്ഷോഭം മൂലമുള്ള കാർഷിക നഷ്ടങ്ങൾക്ക് ഉടൻ ആശ്വാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി)

സംസ്ഥാനത്തെ വിവിധ റവന്യൂ ആഫീസുകൾ തമ്മിലുള്ള വിവര കൈമാറ്റം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ;

(ബി) ഉണ്ട്. സംസ്ഥാനത്തെ വിവിധ റവന്യൂ ആഫീസുകൾ തമ്മിലുള്ള വിവരകൈമാറ്റം പരമാവധി കാര്യക്ഷമമായി ടെലിഫോൺ, ഫാക്സ് എന്നിവ വഴി നടത്തിവരുന്നു. കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് കണക്ഷനും ലഭ്യമായ ഓഫീസുകൾ തമ്മിൽ ഇന്റർനെറ്റ് വഴിയും വിവരകൈമാറ്റം നടന്നുവരുന്നു. ബാക്കിയുള്ള ഓഫീസുകളിൽ കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2010-11-ലെ സംസ്ഥാന ബഡ്ജറ്റിൽ എൻ.എൽ.ആർ.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 450 ലക്ഷം രൂപ റവന്യൂ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും ബന്ധിപ്പിക്കലിനു-മായി നീക്കിവച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകൾ തമ്മിലുള്ള വിവരകൈമാറ്റം ഇന്റർനെറ്റ് സഹായത്തോടുകൂടി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി)

വില്ലേജ് തലത്തിൽ രൂപീകരിച്ച ജനകീയസഭയുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) ഭൂസംരക്ഷണ-ഉപഭോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇക്കാര്യത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി വില്ലേജ്തലത്തിൽ ജനപ്രതിനിധികൾ അടങ്ങുന്ന ജനകീയ സമിതികൾ സർക്കാരിന്റെ 5.12.08-ലെ 3905/08/റവന്യൂ നമ്പർ

— —

സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വില്ലേജ് ആഫീസർ കൺവീനറും വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ വില്ലേജ് പരിധിയിൽ വരുന്ന ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ അംഗങ്ങൾ, വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗത്തിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഘടനയാണ് ഓരോ വില്ലേജ്തല ജനകീയ സമിതികളുമുള്ളത്. വില്ലേജ് തല ജനകീയ സമിതികൾ രൂപീകരിക്കുന്നതിനുള്ള അധികാരവും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമുള്ള ചുമതല യും ബന്ധപ്പെട്ട തഹസീൽദാർമാരിൽ നിക്ഷിപ്തമാണ്. ഈ സമിതികൾ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച യോഗം ചേരുന്നതും അന്നേദിവസം പൊതുഅവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം കൂടുന്നതുമാണ്.

(ഡി) ഉദ്യോഗസ്ഥതല അഴിമതി തടയുന്നതിന് വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുമോ?

(ഡി) റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനും അഴിമതി തടയുന്നതിനുമായി നോർത്ത്/സൗത്ത് വിജിലൻസ് മേഖലകൾക്ക് പുറമെ എറണാകുളം ആസ്ഥാനമാക്കി പുതുതായി സെൻട്രൽ സോൺ വിജിലൻസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എല്ലാ ജില്ലാ കളക്ടറേറ്റുകളിലുമുള്ള ഇൻസ്പെക്ഷൻ വിഭാഗത്തെ ഇൻസ്പെക്ഷൻ കം വിജിലൻസ് വിഭാഗമാക്കി മാറ്റി. പൊതുജനങ്ങളുടെ മുഴുവൻ പരാതികളും അന്വേഷിക്കാനും അതിന്മേൽ തുടർനടപടി ഉണ്ടാകാനും നടപടി സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 397 16/07/2010-ൽ മറുപടിക്ക്

അടിസ്ഥാന പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം :<br>" കെ.സി.കുഞ്ഞിരാമൻ :<br>" ജോർജ്ജ്.എം.തോമസ് : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |

എ) സംസ്ഥാനത്ത് അടിസ്ഥാന പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

എ) അടിസ്ഥാന പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 2010-11 സാമ്പത്തികവർഷം, എസ്.എസ്.എ വഴി 1269 ക്ലാസ്മുറികൾക്കും 349 ഓഫീസ് മുറികൾക്കും 1436 ഗേൾസ് ടോയ്ലറ്റുകൾക്കും 269 മൂത്രപ്പുരകൾക്കും 1646 ചുറ്റു മതിലുകൾക്കും 991 ഇടഭിത്തികൾക്കും 797 കുടിവെള്ള യൂണിറ്റുകൾക്കും 2811 ഇലക്ട്രിഫിക്കേഷനും 221169 കുട്ടികൾക്ക് ഫർണിച്ചറുകൾക്കും അനുമതി നൽകിയിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പ്രകാരം ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയിട്ടുണ്ട്. സുനാമി പുനരധിവാസത്തിന്റെ ഭാഗമായും അടിസ്ഥാന സൗകര്യ വികസനം നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.പി, എം.എൽ.എ വികസന ഫണ്ട് ഉപയോഗിച്ചും അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്.

ബി) ഈ സർക്കാർ വന്നശേഷം സർക്കാർ മേഖലയിൽ പുതുതായി എത്ര സ്കൂളുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

| | | | |
|---|---|---|---|
| സി) | പിന്നോക്ക ജില്ലകളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഈ സർക്കാർ വന്നശേഷം പുതുതായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു; എത്ര തസ്തികകൾക്ക് അംഗീകാരം നൽകി; | ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഇ) | എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂളുകൾ എന്ന വാഗ്ദാനം പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 398 — 16-07-2010-ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ കേന്ദ്രനിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്:<br>" എൻ.അനിരുദ്ധൻ:<br>" മാങ്കോട് രാധാകൃഷ്ണൻ:<br>" പി.തിലോത്തമൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) മാദ്ധ്യമപഠനത്തിനും ഗവേഷണത്തിനും സംസ്ഥാനത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; | എ) മാദ്ധ്യമപഠനത്തിനും ഗവേഷണത്തിനും സംസ്ഥാനത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. |
| ബി) കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എത്രകോടി കേന്ദ്ര നിക്ഷേപം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നിക്ഷേപം സംബന്ധിച്ച വിവരം താഴെക്കൊടുക്കുന്നു. |

| | |
|---|---|
| ഐ.ഐ.എസ്.ടി. | 270 കോടി രൂപ |
| ഐ.ഐ.എസ്.ഇ.ആർ. | 500 കോടി രൂപ |
| കേന്ദ്രസർവകലാശാല | 720 കോടി രൂപ |
| അലിഗഡ് മുസ്ലിം സർവകലാശാലയുടെ മലപ്പുറം ക്യാമ്പസ് | 400 കോടി രൂപ |
| ആകെ | 1890 കോടി രൂപ |

| | |
|---|---|
| സി) ഇത്തരത്തിൽ കേന്ദ്ര നിക്ഷേപത്തിനായി സംസ്ഥാന ഗവണ്മെന്റ് ഏതെല്ലാം തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | സി) ഈ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി സർക്കാരിന്റെ ഭൂമിയോ അല്ലെങ്കിൽ ഭൂമി ഏറ്റെടുത്തോ സൗജന്യമായി നൽകുന്നു. അതുകൂടാതെ ഈ സ്ഥാപനങ്ങളുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടത്താനുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. അലിഗഡ് മുസ്ലിം സർവകലാശാലയുടെ മലപ്പുറം കേന്ദ്രത്തിനായി 400 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 13.13 കോടി രൂപ ചെലവിട്ട് 122 ഏക്കർ സ്ഥലം ഏറ്റെടുത്ത് സർവകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. ഐ.ഐ.എസ്.ടി.ക്ക് വേണ്ടി 16 കോടിരൂപ ചെലവഴിച്ച് 45 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകി. ഐ.ഐ.എസ്.ഇ.ആർ-നുവേണ്ടി മൃഗസംരക്ഷണവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 200 ഏക്കർ സർക്കാർ വക സ്ഥലം സൗജന്യമായി നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 399 | 16/07/2010-ൽ മറുപടിക്ക്

## അദ്ധ്യാപക ശാക്തീകരണം

**ചോദ്യം**

ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
,, കെ. ടി. ജലീൽ :
,, ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി കെ. എസ്. സലീഖ :

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 വിഭാവനം ചെയ്യുന്ന പ്രകാരം അദ്ധ്യാപക ശാക്തീകരണം നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | അദ്ധ്യാപക ശാക്തീകരണം നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പ്രൈമറി അദ്ധ്യാപകർക്കും അവധിക്കാലത്ത് 10 ദിവസത്തെ പരിശീലനവും ഹൈസ്കൂൾ അദ്ധ്യാപകർക്ക് 6 ദിവസത്തെ പരിശീലനവും നൽകുകയുണ്ടായി. ഈ അദ്ധ്യയന വർഷത്തിൽ 5 ശനിയാഴ്ചകളിൽ തുടർ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>അദ്ധ്യാപകശാക്തീകരണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഒരു വർഷക്കാലം നൽകേണ്ട പരിശീലനത്തെ ഒന്നായിക്കണ്ടുകൊണ്ട് വെക്കേഷൻ കാലത്ത് നൽകേണ്ട പരിശീലനം, ഇടയ്ക്ക് നൽകുന്ന തുടർ പരിശീലനം, ഓരോ മാസത്തിലുമുള്ള ക്ലസ്റ്റർ പരിശീലനം എന്നിങ്ങനെ വിഭാവനം ചെയ്തുകൊണ്ടാണ് അദ്ധ്യാപക ശാക്തീകരണം ആസൂത്രണം ചെയ്തിട്ടുള്ളത്.<br>പാഠ്യപദ്ധതി മുന്നോട്ടു വെച്ച വിഷയ സമീപനം, ബോധനരീതി, മൂല്യ നിർണയ സമീപനം എന്നിവ പരിചയപ്പെടുത്തുന്നതിനു എല്ലാ എൽ.പി./യു.പി. അദ്ധ്യാപകർക്കും എസ്.എസ്.എ. പരിശീലനം നൽകി. കൂടാതെ പുതിയ പാഠ്യപദ്ധതി പ്രകാരം തയ്യാറാക്കിയ പുസ്തകങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനു സഹായകമായവിധം ക്ലസ്റ്റർ പരിശീലനങ്ങളും സംഘടിപ്പിച്ചു.<br>എസ്.സി.ഇ.ആർ.ടി., എസ്.എസ്.എ., വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. വിഭാഗം എന്നിവർ സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. പ്രഥമാധ്യാപക പരിശീലനം സീമാറ്റാണു നടത്തിയത്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി |

| | | | |
|---|---|---|---|
| | | | വകുപ്പിൽ 42 വ്യത്യസ്ത വൊക്കേഷണൽ ട്രേഡുകളാണ് നടത്തി വരുന്നത്. പ്രസ്തുത ട്രേഡുകളിലെ വൊക്കേഷണൽ അദ്ധ്യാപകർക്കും നോൺ വൊക്കേഷണൽ അദ്ധ്യാപകർക്കും വിഷയാധിഷ്ഠിത പരിശീലന പരിപാടികളും വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് ക്ലസ്റ്റർ പരിശീലനവും നൽകിയിട്ടുണ്ട്. |
| ബി) | അദ്ധ്യാപക പരിശീലന പരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) | കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപക ശാക്തീകരണ പരിപാടിയ്ക്കുമുമ്പ് അവർക്ക് പരിശീലനം നൽകുന്ന സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിനും ജില്ലാതല റിസോഴ്സ് ഗ്രൂപ്പിനും പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.<br>ഒരു വർഷത്തെ പരിശീലന പരിപാടി എസ്.എസ്.എ. മുൻകൂട്ടി വിഭാവനം ചെയ്യാറുണ്ട്. പ്രവർത്തനഘട്ടങ്ങൾ ഇവയാണ്.<br>1. വർഷാന്ത്യത്തിൽ വിവിധ ഡയറ്റുകളുടെയും ബി.ആർ.സി.കളുടെയും നേതൃത്വത്തിൽ പരിശീലനാവശ്യങ്ങൾ ക്രോഡീകരിക്കുക.<br>2. എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., എന്നിവ നടത്തുന്ന പഠനങ്ങളും വാർഷിക പരീക്ഷയുടെ റിസൽട്ട് വിശകലനം ചെയ്യുള്ള കണ്ടെത്തലുകളും പരിശോധിക്കുക.<br>3. എസ്.എസ്.എ. വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായ സ്കൂൾ പ്ലാൻ, പഞ്ചായത്തു പ്ലാൻ, ജില്ലാ പ്ലാൻ എന്നിവയിലെ വിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുക.<br>4. സംസ്ഥാന തലത്തിൽ വിവിധ ഏജൻസികളുടെ പ്രതിനിധികൾ കൂടി പരിശീലന മാർഗരേഖ തയ്യാറാക്കി റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുക.<br>5. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെ ശില്പശാലയിൽ വെച്ച് ഒരു വർഷത്തെ പരിശീലന ഉള്ളടക്കത്തിന്റെ മുൻഗണന നിശ്ചയിക്കുക, പരിശീലന തന്ത്രങ്ങളും സാമഗ്രികളും വികസിപ്പിക്കുക.<br>6. അധ്യാപക സംഘടനാ പ്രതിനിധികൾ കൂടി അടങ്ങിയ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് പരിശീലന സമീപനം, കാലയളവ് എന്നിവ തീരുമാനിക്കുക.<br>7. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് വീണ്ടും ചേർന്ന് പരിശീലന മോഡ്യൂൾ വികസിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 8. ഒരു എഡിറ്റിംഗ് ശില്പശാലയിൽ വച്ച് മോഡ്യൂളുകൾ സൂക്ഷ്മ പരിശോധന നടത്തി മെച്ചപ്പെടുത്തുക.<br>9. പരിശീലനത്തിനു നേതൃത്വം നൽകേണ്ട റിസോഴ്സ് ഗ്രൂപ്പംഗങ്ങളെ സജ്ജമാക്കുക.<br>മുൻകൂർ ആസൂത്രണം നടത്തിയാണ് ഹയർ സെക്കണ്ടറി അധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് അധ്യാപക സംഘടനകളുമായി ആശയ വിനിമയം നടത്തിയിട്ടുണ്ട്.<br>പരിശീലന പരിപാടിയുടെ മോഡ്യൂൾ തയ്യാറാക്കുന്നതും കോർ റിസോഴ്സ് അധ്യാപകരുടെയും റിസോഴ്സ് അധ്യാപകരുടേയും പരിശീലനം നടത്തുന്നത് എസ്.സി.ഇ.ആർ.ടി.യാണ്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി.യുടെ അക്കാദമിക് വിദഗ്ധരും ഹയർ സെക്കണ്ടറി ഉദ്യോഗസ്ഥരും കാലേക്കൂട്ടി ചർച്ചകൾ നടത്തുകയും കഴിഞ്ഞകാല പരിശീലന പരിപാടികളിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമായ പരിശീലന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും ചെയ്യാറുണ്ട്. കാലാനുസൃതമായ ഗുണപരമായ മാറ്റങ്ങൾ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്.<br>പരിശീലന കേന്ദ്രമായി തിരഞ്ഞെടുക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം വിളിക്കുകയും പരിശീലന പരിപാടി സുഗമമായി നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ പരിശീലന പരിപാടികൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടത്തുന്നത്.   ടി വകുപ്പിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് കേന്ദ്ര പദ്ധതി നിഷ്കർഷിച്ചിട്ടുള്ളതും എസ്.സി.ഇ.ആർ.ടി.യുടെ ഭാഗമായി പ്രവർത്തിക്കേണ്ടതുമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ (എസ്.ഐ.വി.ഇ.) രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഡയറക്ടറേറ്റിലെ  പരിമിതമായ സ്റ്റാഫിനെ ഉപയോഗിച്ച് പരിശീലന പരിപാടികൾ നടത്തുന്നതിന് പരിമിതികളുണ്ട്.  ആയതിനാൽ സർക്കാർ/ സർക്കാരിതര ഏജൻസികളെക്കൊണ്ട് പരിശീലന പരിപാടികൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം കഴിവുകൾ വികസിപ്പിക്കുന്നതിനാണ് പരിശീലന പരിപാടിയിൽ ഊന്നൽ നൽകിയത് ; | (സി) | ചിന്താശേഷി, വിശകലന ശേഷി, അപഗ്രഥനശേഷി, ഗവേഷണത്വര, വിമർശനശേഷി തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിനാണ് പരിശീലന പരിപാടിയിൽ പ്രധാനമായി ഊന്നൽ നൽകിയത്. ഓരോ വിഷയവുമായി ബന്ധപ്പെടുത്തി ഉള്ളടക്കപരമായ ധാരണ ഉറപ്പിക്കുന്നതിനു പുറമേ, മനശാസ്ത്രപരമായ സമീപനത്തിൽ അധിഷ്ഠിതമായ പഠനം നിർവ്വഹിക്കുന്നതിനുള്ള സാധ്യതകൾ, ഐ.സി.റ്റി. പഠനം ഉറപ്പാക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കുക, കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, മൂല്യ നിർണയം തുടങ്ങിയ മേഖലകളിൽ പരിശീലനത്തിന് ഊന്നൽ നൽകിയിരുന്നു.<br>ലോവർ പ്രൈമറി തലത്തിലെ അധ്യാപകർക്ക് കുട്ടികളിൽ ഗണിതാശയരൂപീകരണത്തിനു സഹായകമായ വിധം ഗണിതാനുഭവങ്ങൾ ഒരുക്കുന്നതിനും വർക്ക് ഷീറ്റുകളടക്കമുള്ള സാമഗ്രികൾ വികസിപ്പിക്കുന്നതിനുമുള്ള കഴിവ്, പഠന പ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകുന്ന ഉല്പന്നങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ആകർഷകമായി പ്രദർശിപ്പിക്കുന്നതിനും സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അവസരമൊരുക്കുന്നതിനും പുനരുപയോഗ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവ്, കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നതിനുള്ള വിവിധ തന്ത്രങ്ങൾ പ്രയോഗിക്കുന്നതിനുള്ള കഴിവ്, രചനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിവിധങ്ങളായ ഭാഷാ ശേഷികൾ ആവിഷ്കാര സന്ദർഭങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള കഴിവ് എന്നിവയ്ക്കു പ്രാധാന്യം നൽകി.<br>യു.പി. തലത്തിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള പഠന തന്ത്രങ്ങൾ, ശാസ്ത്രാന്വേഷക സൗഹൃദമായ പരീക്ഷണശാലകൾ ഒരുക്കുന്ന വിധം, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിൽ കുട്ടികളെ പ്രാപ്തരാക്കൽ, വിവിധ വിവര സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | സമാഹരിക്കുന്നതിനുമുള്ള തന്ത്രങ്ങൾ, അഭിമുഖം, കഥാപാത്ര നിരൂപണം, ആഴത്തിലുള്ള ആശയഗ്രഹണവായന, വിശകലനാത്മകവും വിമർശനാത്മകവും സർഗാത്മകവുമായ വായന, ഇംഗ്ലീഷിലുള്ള ആശയ വിനിമയശേഷി തുടങ്ങിയവയ്ക്കു മുഖ്യ പരിഗണന നൽകി.<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ താഴെപ്പറയുന്ന കഴിവുകൾ വികസിപ്പിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്.<br>1. വിഷയത്തിലുള്ള പ്രാഗൽഭ്യം<br>2. ചോദ്യപേപ്പർ നിർമ്മാണം.<br>3. വ്യക്തിത്വ വികാസം.<br>4. അധ്യയന രീതി ശാസ്ത്രം.<br>5. ബന്ധപ്പെട്ട വിഷയങ്ങളിലെ നൂതന പ്രവണതകൾ<br>6. ബന്ധപ്പെട്ട മേഖലകളിലെ പ്രശ്നങ്ങളും സാധ്യതകളും |
| ഡി) | ഒരു വർഷം എത്ര ദിവസത്തെ പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | ഡി) | പ്രൈമറി/ അപ്പർ പ്രൈമറി തലത്തിൽ അദ്ധ്യാപകർക്ക് 10 ദിവസത്തെ പരിശീലനവും ഹൈസ്കൂൾ അദ്ധ്യാപകർക്ക് അവധിക്കാലത്ത് 6 ദിവസത്തെ പരിശീലനവും കൂടാതെ പ്രൈമറി ഹൈസ്കൂൾ അദ്ധ്യാപകർക്ക് അദ്ധ്യയന വർഷത്തിൽ 5 ശനിയാഴ്ചകളിൽക്കൂടി പരിശീലനം നൽകുവാനുമാണ് തീരുമാനം.<br>ഇംഗ്ലീഷിനും കണക്കിനും കൂടുതൽ ദിവസത്തെ പരിശീലനവും മറ്റു വിഷയങ്ങൾക്ക് ആറു ദിവസത്തെ തുടർ പരിശീലനവും നൽകാനാണ് ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റിതീരുമാനിച്ചിട്ടുള്ളത്.<br>തുടർച്ചയായ മൂന്നു ദിവസത്തെ പരിശീലന പരിപാടിയാണ് ഈ വർഷം ഹയർ സെക്കണ്ടറി അധ്യാപകർക്കായി ക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br>വൊക്കേഷണൽ നോൺ വൊക്കേഷണൽ അദ്ധ്യാപകർക്ക് ഒരു വർഷം പരമാവധി 11 ദിവസം പ്രയോജനപ്പെടത്തക്ക വിധം വിഷയാധിഷ്ഠിത പരിശീലനങ്ങളും ഒരു വർഷം 7 ക്ലസ്റ്ററുകളിൽ പങ്കെടുക്കത്തവിധം ക്ലസ്റ്റർ പരിശീലനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. |
| ഇ) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും കായികാദ്ധ്യാപകർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ ; | ഇ) | സംഘടിപ്പിച്ചിട്ടുണ്ട്. 2009-10 വർഷം മുതൽ സ്കൂൾ തലത്തിലെ കായിക അദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കാണ് പരിശീലനം നൽകുന്നത് . |

| | | | |
|---|---|---|---|
| | | | സ്പെഷ്യലിസ്റ്റ് അധ്യാപകർക്കും കായികാദ്ധ്യാപകർക്കും ഹയർ സെക്കണ്ടറി തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളിലെ അധ്യാപകർ, ഇൻസ്ട്രക്ടർമാർ എന്നിവർക്കും പരിശീലനം നടത്തിവരുന്നു. |
| എഫ്) | അദ്ധ്യാപക പുരസ്ക്കാരങ്ങൾ നൽകുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ? | എഫ്) | ഉണ്ട്. സംസ്ഥാന അദ്ധ്യാപക അവാർഡിനായി സ്കൂൾ തലത്തിലെ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനു ലഭിക്കുന്ന പ്രൊപ്പോസലുകൾ ഓരോ ജില്ലയിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റി പരിശോധിച്ച് അർഹരായവരുടെ ഒരു പാനൽ സമർപ്പിക്കുകയും ഈ പാനലിൽ നിന്നു വിദ്യാഭ്യാസ മന്ത്രി ചെയർമാനായുള്ള കമ്മിറ്റി അർഹരായവരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഹയർ സെക്കണ്ടറി അധ്യാപക പുരസ്കാരങ്ങൾ നൽകുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. 26.8.2008 ലെ സ.ഉ.(കൈയ്യെഴുത്ത്) 147/08/പൊ.വി.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ താഴെപ്പറയുന്നു.<br><br>1. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ, സീനിയർ അദ്ധ്യാപകർ, ജൂനിയർ അദ്ധ്യാപകർ എന്നിവർക്കു മൊത്തം 10 വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയവും, അതിൽ 5 വർഷത്തിൽ കുറയാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപന പരിചയവും ഉണ്ടായിരിക്കണം.<br><br>2. അദ്ധ്യാപക കാര്യങ്ങളിൽ കാര്യക്ഷമതയും അവയുടെ പുരോഗതിക്കായി താൽപ്പര്യവുമുള്ള വ്യക്തിയായിരിക്കണം.<br><br>3. സ്കൂളിനകത്തും പുറത്തുമുള്ള പ്രവർത്തന മേഖലകളിൽ കാര്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിയായിരിക്കണം.<br>4. സമൂഹത്തിൽ ആദരവും ബഹുമാനവുമുള്ള വ്യക്തിയായിരിക്കണം.<br>5. വിദ്യാർത്ഥികളോട് നിർവാജ്യമായ സ്നേഹവും അവരുടെ ഉയർച്ചയിൽ താത്പര്യവുമുള്ള വ്യക്തിയായിരിക്കണം. |

| | | | |
|---|---|---|---|
| | | | 6. പുകവലി, മദ്യപാനം, മറ്റ് മയക്കുമരുന്നുകൾ എന്നിവ ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ തീർത്തും ഉപയോഗിക്കാത്ത വ്യക്തിയായിരിക്കണം. |

Sham (signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.400 — 16.7.2010ൽ മറുപടിക്ക്

## സർക്കാർ ഭൂമി കയ്യേറുന്നവർക്കെതിരെ നടപടി

ചോദ്യം

ശ്രീ.കെ.രാജു :
ശ്രീ.എൻ.അനിരുദ്ധൻ
ശ്രീ.പള്ളിപ്രം ബാലൻ:
ശ്രീ.രാജാജി മാത്യു തോമസ്:

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഭൂമി കയ്യേറുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഭൂമിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിച്ച് കൈയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ മാറിയ സാമൂഹ്യ സാഹചര്യങ്ങളിൽ പ്രസ്തുത നിയമത്തിലെ ശിക്ഷാ നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനാണ് 2009 ഭൂസംരക്ഷണ നിയമം ഭേദഗതി ചെയ്തത്. 2009-ലെ ഭൂസംരക്ഷണ നിയമത്തിന്റെ ഭേദഗതിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കോ സഹായം ചെയ്തു കൊടുക്കുന്നവർക്കൊ 3 മുതൽ 5 വർഷംവരെയുള്ള തടവു ശക്ഷയും 50,000/- രൂപ മുതൽ 2,00,000/- രൂപ വരെയുള്ള പിഴ ശിക്ഷയും വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാർ ഭൂമിയുടെ സംരക്ഷണവും പരിരക്ഷയും വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാണ്. കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ വില്ലേജ് ഓഫീസർ തഹസീൽദാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും തഹസീൽദാർ ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | നേരത്തെയുള്ള ഭൂസംരക്ഷണ നിയമ (കെ.എൽ.സി.ആക്ട്)ത്തിൽ ഈ സർക്കാർ അധികാരത്തിർ വന്നതിനു ശേഷം വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ് ; | (ബി) | 1957-ലെ ഭൂ സംരക്ഷണ നിയമം കൂടുതൽ ശക്തമാക്കിക്കൊണ്ട് 2009-ൽ ഭേദഗതി നിയമം കൊണ്ടു വന്നിട്ടുള്ളതാണ്. ഈ നിയമത്തിൽ സർക്കാർ ഭൂമി അനധികൃതമായി കൈയ്യേറുന്നവർക്കെതിരെ വകുപ്പ് 7 പ്രകാരം 3 മുതൽ 5 വർഷം വരെ ജയിൽ വാസവും 50,000/- രൂപയിൽ കുറയാത്ത പിഴയും ഉൾപ്പെടെയുള്ള ശിക്ഷ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഭേദഗതി നിയമത്തിലെ വകുപ്പ് (ബി) പ്രകാരം സർക്കാർ ഭൂമി അനധികൃതമായി കരണം നടത്തുന്നതിനും അന്യാധീനപ്പെടുത്തുന്നതിനും സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷാ വിധികൾ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഭേദഗതി നിയമം 9(2) പ്രകാരം സർക്കാർ ഭൂമി കൈയ്യേറുന്നത് അറിഞ്ഞു കൊണ്ടുള്ള നിയമ ലംഘനമായതിനാൽ (കൊഗ്നൈസബിൾ) ജാമ്യം ലഭിക്കാത്ത കുറ്റമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. വകുപ്പ് 13(1) പ്രകാരം സിവിൽ കോടതിയുടെ ടി |

| | | | |
|---|---|---|---|
| | | | വിഷയത്തിലുള്ള അധികാരം എടുത്തു കളഞ്ഞിട്ടുള്ളതും വകുപ്പ് 9(1) പ്രകാരം ചീഫ് ജുഡീഷ്യൽ കോടതികൾക്ക് പുറമ്പോക്ക് കൈയ്യേറ്റ കേസുകളിൽ വിചാരണ ചെയ്യുവാൻ അധികാരം കൊടുത്തിട്ടുള്ളതുമാണ്. |
| (സി) | ഭേദഗതി വരുത്തിയ ഭൂസംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) | ഭേദഗതി വരുതതിയ ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 552 - കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ നിയമ പ്രകാരം ഉദ്യോസ്ഥരുടെ പേരിൽ കേസ്സുകൾ എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ഈ നിയമ പ്രകാരം ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെ കേസ്സുകൾ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *401

16.07.2010 - ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം

**ചോദ്യം**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. കെ. വി. കുഞ്ഞിരാമൻ
ശ്രീ. ടി. പി. കുഞ്ഞുണ്ണി

**ഉത്തരം**

ശ്രീ. എം. എ. ബേബി
( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി )

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(ബി) ക്ലസ്റ്റർ സമ്പ്രദായം, ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവ മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ബി) ക്ലസ്റ്റർ സമ്പ്രദായത്തിലൂടെ സമീപസ്ഥമായ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും പങ്കിട്ടുകൊണ്ടും പൊതുവായ പുതിയ സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്ഥാപനങ്ങൾ തമ്മിൽ പരസ്പര സഹകരണം വർദ്ധിപ്പിച്ചുകൊണ്ട് അനാരോഗ്യകരമായ കിടമൽസരം ഒഴിവാക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു.

ടീച്ചർ എക്സ്ചെയിഞ്ച് പ്രോഗ്രാം നടപ്പാക്കുന്നതിലൂടെ മെച്ചപ്പെട്ട അദ്ധ്യാപകരുടെ സേവനം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതാണ്.

(സി) ബിരുദതലത്തിൽ ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തുമാത്രം പ്രയോജനപ്പെടും എന്ന് വിശദമാക്കുമോ ;

(സി) പുതിയ സമ്പ്രദായത്തിലൂടെ വിദ്യാർത്ഥി കേന്ദ്രീകൃതമായ പാഠ്യപദ്ധതിയാണ് നടപ്പാക്കുന്നത്. വിദ്യാർത്ഥിയുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കും. പഠനം കൂടുതൽ കാര്യക്ഷമമാകും. മൂല്യനിർണ്ണയം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും പുതിയ സമ്പ്രദായത്തിലൂടെ സാധിക്കുന്നതാണ്.

(...............2)

| | | | |
|---|---|---|---|
| (ഡി) | ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏതെല്ലാം വിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; | (ഡി) | അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഇ) | പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2009-10 ൽ ആറ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. 2010-11 ൽ 1000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകും. 25.06.2010 വരെ **3,19,66,319/-** രൂപ സമാഹരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

( [illegible] )

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 402                16/07/2010-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ :<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ.പി.വിശ്വൻ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ; | ബി) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2007-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൻ പ്രകാരമുള്ള സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു. |

| | |
|---|---|
| കാസർഗോഡ് | 135 |
| കണ്ണൂർ | 171 |
| വയനാട് | 47 |
| കോഴിക്കോട് | 283 |
| മലപ്പുറം | 326 |
| പാലക്കാട് | 198 |
| തൃശൂർ | 114 |
| എറണാകുളം | 197 |
| ഇടുക്കി | 112 |
| കോട്ടയം | 94 |
| ആലപ്പുഴ | 158 |
| പത്തനംതിട്ട | 141 |
| കൊല്ലം | 323 |
| തിരുവനന്തപുരം | 347 |
| ആകെ | 2646 |

| ചോദ്യം | ഉത്തരം |
|---|---|
| സി) നിയമാനുസൃതമല്ലാത്ത സ്ഥാപനങ്ങൾ നടത്തുന്നവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | സി) & ഡി) അംഗീകാരമുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുന്ന സ്കൂളുകൾക്കെതിരെ പോലീസിൽ എഫ്.ഐ.ആർ |

| | | | |
|---|---|---|---|
| ഡി) | മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കാനും ഇവ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാനും നടപടി സ്വീകരിക്കുമോ; | | സമർപ്പിക്കുന്നതിന് 23-5-2009-ലെ സ.ഉ(സാധാ)നം.1977/09/ പൊ.വി.വ പ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികളുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചു. എന്നാൽ അനംഗീകൃത സ്കൂളുകൾക്ക് ഫൈൻ ചുമത്താൻ കുട്ടികളുടെ വിദ്യാഭ്യാസാവകാശ നിയമം അനുശാസിക്കുന്നുണ്ട്. നിയമത്തിന്റെ റൂൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | എയ്ഡഡ് സ്കൂളുകൾ നടത്തുന്ന മാനേജ്മെന്റുകൾ തന്നെ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുമോ? | ഇ) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടി സ്വീകരിക്കാവുന്നതാണ്. വിദ്യാഭ്യാസ അവകാശ നിയമം ഖണ്ഡിക 18(5) പ്രകാരം ശിക്ഷണ നടപടി അനുശാസിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ. 403 | 16/7/10-ൽ<br>മറുപടിയ്ക്ക് |

### കോളേജുകളിലെ കളിസ്ഥലങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.എം.എം.യൂസഫ്:<br>ശ്രീ.രാജു എബ്രഹാം: | | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) | കോളേജുകളിലെ കളിസ്ഥലങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | കളിസ്ഥലങ്ങളുടെ സൗകര്യങ്ങൾ അപര്യാപ്തമായ പുതിയ ചില കോളേജുകളിൽ സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് കളിസ്ഥലം സജ്ജമാക്കുന്നതാണ്. |
| ബി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | | |
| സി) | കോളേജുകളിൽ വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും കായികതാരങ്ങളുടെ വളർച്ചയ്ക്കും കായികരംഗത്തിന്റെ അഭിവൃദ്ധിക്കുമായി പദ്ധതി ആവിഷ്കരിക്കുമോ; | സി) | വിദ്യാർത്ഥികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും, കായിക താരങ്ങളുടെ വളർച്ചയെയും ലക്ഷ്യമാക്കി ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് പരിശീലനത്തിനുള്ള ധനസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സർക്കാർ കോളേജുകളിലെ കളിസ്ഥലങ്ങളുടെ വികസനത്തിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | ഡി) & ഇ) | കളിസ്ഥലങ്ങളുടെ വികസനത്തിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകൾക്ക് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകൾക്ക് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ, കളിസ്ഥലത്തിന് 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി പദ്ധതിയിനത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഇ) | കോളേജുകളിൽ ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ ? | | |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 404 16.07.2010 - ലെ മറുപടി

**ബോട്ടുയാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എൻ. വാസവൻ**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീ. എം.കെ. പുരുഷോത്തമൻ**<br>**ശ്രീ. കെ. കുഞ്ഞിരാമൻ** | **ശ്രീ. ജോസ് തെറ്റയിൽ,**<br>**(ഗതാഗത വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ബോട്ടുയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജലഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | ബോട്ടുയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി ബോട്ടുകളിൽ പാസഞ്ചർ കപ്പാസിറ്റിക്കനുസൃതമായി കനാൽ ആന്റ് ഫെറി ആക്ട് അനുശാസിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ്ബോയ്, ബോയന്റ് അപ്പാരറ്റസ് എന്നിവ സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) | കനാൽ ആന്റ് ഫെറി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ബോട്ടുയാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ബോട്ടുകളിലെ ജീവനക്കാർക്കും യാത്രക്കാർക്കും നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രൂ.1,45,823/-(ഒരു ലക്ഷത്തി നാല്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്ന് രൂപ) പ്രീമിയമായി അടച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകടത്തിൽ ഭാഗിക ഡിസെബിലിറ്റി സംഭവിയ്ക്കുന്ന യാത്രക്കാരന് / ജീവനക്കാരന് 50,000/- രൂപയും (അൻപതിനായിരം രൂപ) സ്ഥിരമായി ഡിസെബിലിറ്റി അല്ലെങ്കിൽ മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും നഷ്ട പരിഹാരമായി ലഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ.405 — 16.7.2010ൽ മറുപടിക്ക്

## അനധികൃതമായി പതിച്ചു നൽകിയ സർക്കാർ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽകുമാർ :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.എൻ.ശക്തൻ:<br>ശ്രീ.പി.സി.വിഷ്ണുനാഥ്: | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി പതിച്ചു നൽകിയ എത്ര കേസ്സുകൾ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ; | (എ) | അനധികൃതമായി സർക്കാർ ഭൂമി പതിച്ചു നൽകിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 3 കേസ്സുകളും, ഇടുക്കി ജില്ലയിൽ 52 കേസ്സുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിൽ അനധികൃതമായിപതിച്ചു നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനുപുറമേ സർവ്വേ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ സർക്കാർ ഭൂമി ഇനം മാറ്റി നൽകിയ 293 കേസുകളും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര ഏക്കർ സർക്കാർ ഭൂമി അനധികൃതമായി പതിച്ചു നൽകിയതായാണ് കണക്കാക്കുന്നതെന്നറിയിക്കുമോ ; | (ബി) | തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 3 കേസ്സുകളിലുമായി ഏകദേശം 70 സെന്റോളം ഭൂമിയും ഇടുക്കി ജില്ലയിൽ 52 കേസ്സുകളിലുമായി 166.99 ഏക്കർ ഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്. സർവ്വേയുമായി ബന്ധപ്പെട്ട് ഏകദേശം 192 ഏക്കർ ഇനം മാറ്റി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ സർവ്വേ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നുവോ ; | (സി) | സർവ്വേ വിഭാഗം നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ട് ചില റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. വ്യാജ രേഖകൾ ചമച്ച് ഭൂമി തട്ടിയെടുക്കുന്ന സംഘത്തെക്കുറിച്ച് ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘത്തെ കൊണ്ടോ മറ്റ് ഏജൻസികളെ കൊണ്ടോ അന്വേഷിപ്പിക്കേണ്ടതാണ്.<br><br>2. റീ സർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ തസ്തികകൾ റവന്യൂവിലേക്ക് മാറ്റാവുന്നതാണ്.<br><br>3. പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ളിഷ്മെന്റിൽ നിന്നും നിയമിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 4. റീസർവ്വേ റിക്കോർഡുകൾ വില്ലേജിന് കൈമാറുന്നതിനിടയ്ക്കുവന്ന മാറ്റങ്ങളേക്കാൾ വളരെകൂടുതൽ പരാതികൾ ലഭിക്കുകയാണെങ്കിൽ റീ-സർവ്വേ റിക്കോർഡുകൾ റദ്ദ് ചെയ്യേണ്ടതും, ഉത്തരവാദികളായ ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന നിയമം കൊണ്ടു വരേണ്ടതുമാണ്.<br><br>5. 1995-ന് ശേഷം അദാലത്ത് ഉത്തരവ് വഴി നിലവിൽ വന്ന എല്ലാ തണ്ടപ്പേരുകളും പരിശോധിച്ച സരക്കാർ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും, അനധികൃതമായി തണ്ടപ്പേര് പിടിച്ചിട്ടുണ്ടോയെന്നും എല്ലാ വില്ലേജിലും സമഗ്രമായ പരിശോധന നടത്തേണ്ടതാണ്. |
| (ഇ) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | (ഇ) | റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരുന്നു. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ വിവിധ ഘട്ടങ്ങളിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 406

16/07/2010 ൽ
മറുപടിക്ക്

### അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| (എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സേവന-വേതന വ്യവസ്ഥകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കമ്മിറ്റിയുടെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (ബി) – (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ്; | |
| (ഡി) ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) – (ഇ) ആദ്യ ഘട്ടമായി നിലവിലുള്ള അദ്ധ്യാപകരുടെ വേതന ഘടനയും |

(ഇ) അൺഎയ്ഡഡ് സ്കൂളുകളിലെ അമിതമായ ഫീസ് നിരക്ക് കുറയ്ക്കുന്നതിനായി മാനേജുമെന്റുകളുമായി സർക്കാർ ചർച്ച നടത്തുമോ?

വിദ്യാർത്ഥികളുടെ ഫീസ് ഘടനയും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്നു.

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 407 16-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. കെ.കെ. ദിവാകരൻ
ശ്രീ. സി.എം. ദിനേശ് മണി
ശ്രീമതി. പി.അയിഷാ പോറ്റി

ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളുടെ കാര്യക്ഷമത മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. തകർച്ചയുടെ വക്കിലെത്തിയ ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിലിറക്കി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കുന്ന നടപടികളാണ് ആദ്യഘട്ടമെന്ന നിലയിൽ സ്വീകരിച്ചത്. സുരക്ഷിതവും, സുഖകരവും, വിശ്വാസനീയവുമായ യാത്ര മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തനമാണ് കെ.എസ്.ആർ.ടി.സി. യിൽ നടപ്പാക്കി വരുന്നത്. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അഞ്ച് (5) മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവ്വേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. അതാതുപ്രദേശത്തെ |

| | | | |
|---|---|---|---|
| | | | എം.എൽ.എ. മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടി സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് ആരംഭിച്ചു. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകി ദീർഘ ദൂര സർവ്വീസിനും, അന്തർ സംസ്ഥാന സർവ്വീസുകൾക്കു-മായി ഇരുപത് (20) എ.സി. എയർ ബസ്, മുപ്പത് (30) സൂപ്പർ ഡീലക്സ്, മൂന്ന് (3) വോൾവോ എന്നിവ നിരത്തിലിറക്കി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് പഴയ ബസ് മാറ്റി പകരം പുതിയ ബസ്സുകൾ നൽകി. തിരുവനന്തപുരം നഗരത്തിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി കൂടുതൽ അനന്തപുരി ബസുകൾ നിരത്തിലിറക്കി. ജില്ലാ ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ടൗൺ ടു ടൗൺ സർവ്വീസുകളും, ചെയിൻ സർവ്വീസുകളും ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 6-7-2010-ലെ കണക്കുപ്രകാരം 1,084 പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞു. അതുപോലെ പുതിയ സർവ്വീസുകൾക്കും പഴയ ബസുകൾ മാറ്റുന്നതിനുമായി 2,196 ബസ്സുകളും നിരത്തിലിറക്കി. |
| (ബി) | ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചത് മൂലം വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. കിലോമീറ്ററിന് 15 രൂപയോ, അതിനു താഴെയോ വരുമാനം ലഭിച്ചിരുന്ന ഭൂരിപക്ഷം ഷെഡ്യൂളുകളും പുനഃക്രമീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുമൂലം |

| | | | |
|---|---|---|---|
| | | | അത്തരം ഷെഡ്യൂളുകളുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഇപ്പോൾ കി. മീറ്ററിന് 20 രൂപയെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സർവ്വീസുകളാണ് പ്രധാനമായും പുതിയതായി ആരംഭിക്കുന്നത്. |
| (സി) | പുതുതായി മേഖലാ ആഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) | ഉണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിങ്ങനെ അഞ്ച് (5) മേഖലാ ഓഫീസുകളാണ് ആരംഭിച്ചിട്ടുള്ളത്. വിവിധ യൂണിറ്റുകളിലെ സർവ്വീസുകളുടെ ഏകോപനം, കോൺവോയ് തടയൽ, സമയക്ലിപ്തത പാലിച്ച് സർവ്വീസ് നടത്തൽ, സമാന്തര സർവ്വീസുകളുടെ കടന്നുകയറ്റത്തെ പ്രതിരോധിക്കത്തക്കരീതിയിൽ സർവ്വീസുകൾ ക്രമീകരിക്കൽ, ലാഭകരമായ പുതിയ റൂട്ടുകൾ കണ്ടെത്തൽ തുടങ്ങി സർവ്വീസ് നടത്തിപ്പിന്റെ സമസ്ത മേഖലകളിലും മേഖലാ ഓഫീസർമാർക്ക് ഫലപ്രദമായി നിയന്ത്രണം ചെലുത്താൻ കഴിയുന്നുണ്ട്. ബസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുക, ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുക, അപകടങ്ങൾ കുറയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക എന്നിവയും മേഖലാ ഓഫീസർമാരുടെ ജോലികളിൽപെടുന്നു. തങ്ങളുടെ മേഖലയിൽപെട്ട യൂണിറ്റുകളിലെ |

| | | | |
|---|---|---|---|
| | | | ഓരോ ഷെഡ്യൂളിന്റെയും പ്രതിദിന വരുമാനം പരിശോധിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതിനുള്ള നടപടികളും മേഖലാ ഓഫീസർമാർ സ്വീകരിക്കുന്നുണ്ട്. തങ്ങളുടെ മേഖലയിൽപ്പെട്ട യൂണിറ്റുകളിലെ ജീവനക്കാരുടെ ഏറ്റക്കുറച്ചിൽ ചീഫ് ഓഫീസിന്റെ അനുമതിയോടെ ക്രമീകരിക്കാനുള്ള ചുമതലയും, മേഖലാ ഓഫീസർമാർ നിർവ്വഹിക്കുന്നു. മേഖലാ ഓഫീസുകളുടെ ആവിർഭാവത്തോടെ സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമതയോടെ നിർവ്വഹിക്കാൻ കഴിയുന്നുണ്ട്. |
| (ഡി) | സ്വകാര്യ വാഹനങ്ങളുടെ സമാന്തര സർവ്വീസ് കെ.എസ്.ആർ.ടി.സി. വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | സമാന്തര സർവ്വീസ് കൂടുതലായുള്ള പ്രദേശങ്ങളിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്താൻ കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ? | (ഇ) | തിരുവനന്തപുരം നഗരത്തിലെ സമാന്തര സർവ്വീസുകളെ നിരോധിച്ചതുമൂലം കൂടുതൽ സർവ്വീസുകൾ കോർപ്പറേഷൻ ആരംഭിക്കുകയും യാത്രാക്ലേശം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.കെ.എസ്.ആർ.ടി.സി. മാത്രം തിരുവനന്തപുരം നഗരത്തിൽ 523 സർവ്വീസുകളാണ് ഇപ്പോൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 408** — **16.7.2010 ൽ മറുപടിക്ക്.**

## കേരള സംഗീത നാടക അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എം. മോനായി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ | ശ്രീ. എം.എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പ് മന്ത്രി. |
| (എ) കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കലാസമിതികളുടെ അംഗീകാര ഫീസ് കുറയ്ക്കുകയും നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്തതുമൂലം അക്കാദമിയുടെ പ്രവർത്തനങ്ങളുമായി കലാസമിതികളെ കൂടുതൽ അടുപ്പിക്കാൻ കഴിഞ്ഞു. അംഗീകൃത കലാസമിതികളിൽ, തെരഞ്ഞെടുക്കപ്പെട്ട ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കാനും ബി.ടി.എ, എം.ടി.എ വിദ്യാർത്ഥികൾക്ക് നാടകത്തിന് നൽകി വരുന്ന സ്കോളർഷിപ്പ് ഈ വർഷം മുതൽ സംഗീതത്തിനും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിക്കു പുറമേ അന്തർദേശീയ അടിസ്ഥാനത്തിൽ വിപുലമായ സുഹൃദ് സമിതി രൂപീകരിച്ചു. മൺമറഞ്ഞ മഹാപ്രതിഭകളെ സ്മരിക്കുന്നതിന് "സ്മൃതിവന്ദനം" എന്ന പേരിൽ പരിപാടികൾ സ്ഥിരമായി നടത്തിവരുന്നു. |

(ബി) കഴിഞ്ഞ വർഷം അക്കാദമി

(ബി) പ്രൊഫഷണൽ നാടകമത്സരം, ഞാനുമുടെ കൂട്ടായ്മ, അംജദ് അലിഖാന്റെ സരോദ് കച്ചേരി, ഷട്കാല ഗോവിന്ദ മാരാർ സംഗീതോത്സവം, ആഫ്രിക്കൻ തിയേറ്റർ ഫെസ്റ്റിവൽ, എന്നീ പരിപാടികൾ അക്കാദമി കഴിഞ്ഞ വർഷം നടത്തി. രോഗബാധിതരായ 68 കലാകാരൻമാർക്ക് 3,90,980/- രൂപ ചികിത്സാധനസഹായം അനുവദിച്ചു. കലാഭിരുചിയുള്ള സാമ്പത്തിക ശേഷിയില്ലാത്ത 125 കുട്ടികൾക്ക് 1,44,767/- രൂപ സ്റ്റൈപ്പന്റും 4 എം.ടി.എ, 12 ബി.ടി.എ വിദ്യാർത്ഥികൾക്ക് 70,436/- രൂപ സ്കോളർഷിപ്പും അനുവദിച്ചു. അക്കാദമിയുടെ മുഖപത്രമായ കേളി മാസികയും സംഗീത സംബന്ധിയായ 'ബൃഹദ്ദേശി' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചു.

(സി) അന്താരാഷ്ട്ര നാടകോത്സവത്തിൽ എത്ര രാജ്യങ്ങളിൽ നിന്നുള്ള നാടകസംഘങ്ങൾ പങ്കെടുത്തു;

(ഡി) ഇതിനായി എത്ര ലക്ഷം രൂപ ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) & (ഡി)

| വർഷം | രാജ്യങ്ങളുടെ എണ്ണം | ചെലവായിട്ടുള്ള തുക (രൂപ) |
|---|---|---|
| 2008 | 4 | 77,77,598/- |
| 2009 | 3 | 80,85,811/- |

(ഇ) നാടകം, കഥാപ്രസംഗം എന്നിവയുടെ ശില്പശാലകൾ സംഘടിപ്പിക്കാറുണ്ടോ;

(ഇ) സംഘടിപ്പിക്കാറുണ്ട്.

(എഫ്) പ്രസ്തുത രംഗത്ത് യുവകലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

(എഫ്) നാടക, കഥാപ്രസംഗ രംഗത്ത് യുവകലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.409 — 16.07.2010 -ൽ മറുപടിക്ക്

## സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ അദ്ധ്യാപക രക്ഷാ കർത്തൃ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരി ച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കിക്കൊണ്ട് 25.06.2007 - ൽ സ.ഉ. (കയ്യെഴുത്ത്) നമ്പർ.126/2007/പൊ.വി.വ. പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് പി.ടി.എ. യുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുന്നത്; | (ബി) വിദ്യാർത്ഥികളുടെ ക്ഷേമം അടിസ്ഥാന മാക്കിയുള്ള നിർമ്മാണ വികസന പ്രക്രിയകൾ, സാംസ്കാരിക പരിപാടികൾ, യുവജനോ ത്സവം തുടങ്ങിയ പഠനനാനുബന്ധ പ്രവർത്ത നങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് പി.ടി.എ. യുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെ ടുത്തുന്നു. |

......2)

(സി) പി.ടി.എ.യുടെ മാന്വൽ പുതുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) 25.06.2007-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ. പ്രകാരമുള്ള പി.ടി.എ.യുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് 18.07.2007-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ.142/2007/ പൊ.വി.വ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

(ഡി) സ്കൂളുകളിൽ പൊതുചടങ്ങുകൾക്കായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) 06.02.2009-ലെ ജി.ഓ.(സാധാരണ) നമ്പർ.631/2009/പൊ.വി.വ. പ്രകാരം സ്കൂളുകളിലെ പൊതുചടങ്ങുകൾക്കായി മാർഗ്ഗരേഖ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 410. 16/07/2010-ൽ മറുപടിക്ക്

**കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ.കെ.പി. രാജേന്ദ്രൻ ,<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | (എ) കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയിൽ നിന്നും 19,10,00000/- രൂപ ജില്ലാ കളക്ടർമാർക്ക് സർക്കാർ ഉത്തരവ് (സാധാ) 2532/2010/ഡി.എം.ഡി തീയതി 28-05-2010 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതിയിൽ കീഴിൽ ആലപ്പുഴ ജില്ലയിൽ നെൽകൃഷി നശിച്ച 21 പാടശേഖരങ്ങളിലേക്കായി 31.6 ടൺ നെൽ വിത്തു് സംസ്ഥാന വിത്തുവികസന അതോറിറ്റി സൗജന്യമായി വീണ്ടും കൃഷി ഇറക്കുന്നതിനായി നൽകി. |
| (ബി) ഇക്കൊല്ലം ഉണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) ഈ വർഷത്തെ കാലവർഷക്കെടുതി മൂലം സംസ്ഥാനത്ത് 14,05,39,555 രൂപയുടെ കൃഷി നാശമാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) പ്രകൃതിക്ഷോഭം കൊണ്ട് ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് ഉടനടി നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും | ഡി. നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കാലതാമസം നേരി ടുന്നതു മൂലം പ്രകൃതി ക്ഷോഭത്തിന് ഇരയായവർക്ക് സമയത്തിന് ആശ്വാസധനത്തിൻെറ ഗുണഫലം ലഭിക്കാതെ |

സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

വരുന്നു എന്ന വസ്തുത ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി നൽകേണ്ട ധനസഹായധനം ഫണ്ടിൻെറ ലഭ്യത അനുസരിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി നൽകുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും കൃഷി വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻെറ അടിസ്ഥാനത്തിൽ ആശ്വാസധനം അടിയന്തിരമായി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ആഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: **411** 16.07.2010-ൽ മറുപടിക്ക്

### സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സെൽഫ് ചെക്ക് ഇൻ - ചെക്കൗട്ട് സൗകര്യത്തോടു കൂടിയ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം രണ്ട് ഘട്ടങ്ങളിലായി ലൈബ്രറിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വിതരണം ചെയ്യുന്ന സമയം മുമ്പ് രാവിലെ 8.30 മണി മുതൽ 11.30 വരെയും ഉച്ചയ്ക്ക് ശേഷം 4 മണി മുതൽ 7 മണി വരെയും ആയിരുന്നത് 2009 ജനുവരി 1 മുതൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായ വെബ്സൈറ്റും ഓൺലൈൻ ബുക്ക് റിസർവ്വേഷൻ / റിന്യൂവൽ സംവിധാനവും ഡിജിറ്റൽ ആർക്കൈവും ലൈബ്രറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയ്ക്ക് ഒരു പുതിയ ഹെറിറ്റേജ് മോഡൽ റഫറൻസ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ലൈബ്രറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ; ഓൺലൈൻ ബുക്ക് | (ബി) | ലൈബ്രറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഓൺലൈൻ |

| | | | |
|---|---|---|---|
| | റിസർവ്വേഷൻ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | | ബുക്ക് റിസർവ്വേഷൻ / റിന്യൂവൽ സംവിധാനം ലൈബ്രറിയിൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കുട്ടികളുടെ വിഭാഗം ആകർഷകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനത്തിന്റെ ആദ്യഘട്ടം കുട്ടികളുടെ വിഭാഗത്തിലാണ് നടപ്പിലാക്കിയത്. വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടി മൾട്ടിമീഡിയ കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ, മോഡേൺ സ്ക്രീൻ തുടങ്ങിയവയും വിപുലമായ ഒരു പുസ്തകശേഖരവും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും സമ്മർ സ്കൂളും നടത്തുന്നുണ്ട്. എൽ.ഐ.സി. സ്പോൺസർ ചെയ്ത മനോഹരമായ ഒരു പാർക്കും കുട്ടികളുടെ വിഭാഗത്തോടു ചേർന്ന് ഒരുക്കിയിട്ടുണ്ട്. |
| (ഡി) | എത്ര പുസ്തകങ്ങൾ ഇതിനകം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ; | | ഒന്നാംഘട്ട ഡിജിറ്റൈസേഷന്റെ ഭാഗമായി 707 ( 328,268 പേജുകൾ) അമൂല്യവും പുരാതനവുമായ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ലൈബ്രറിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ട ഡിജിറ്റൈസേഷന്റെ ഭാഗമായി 318 പുസ്തകങ്ങൾ ഇതുവരെ ഡിജിറ്റൈസ് ചെയ്യുകയും ആയതിന്റെ വെബ് എനേബ്ലിംഗ് ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ബ്രിട്ടീഷ് കൗൺസിൽ സർക്കാരിനു കൈമാറിയ പുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ? | | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്കു കൈമാറിയ ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറിയുടെ പുസ്തകങ്ങൾ ഒരു പ്രത്യേക വിഭാഗമായി സജ്ജീകരിച്ച് 2010 മെയ് 3-ാം തീയതി മുതൽ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. |

Mary Joseph

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 412 16/07/2010-ൽ മറുപടിക്ക്

## സ്കൂളുകളിലെ പരീക്ഷാ സമ്പ്രദായത്തിലെ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ്.എം.തോമസ് :<br>" വി.ചെന്താമരാക്ഷൻ :<br>" എം.ജെ.ജേക്കബ്:<br>" സി.കെ.പി.പത്മനാഭൻ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |
| എ) സ്കൂളുകളിലെ പരീക്ഷാ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; | എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005, കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നിവ ടേം പരീക്ഷകളുടെ പ്രാധാന്യം കുറച്ച് നിരന്തര മൂല്യനിർണ്ണയത്തിനുള്ള പ്രാധാന്യം വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങളിൽ നിലവിലുണ്ടായിരുന്ന പാദ വാർഷിക, അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾ എന്നിങ്ങനെ മൂന്നു ടേം പരീക്ഷകൾക്ക് പകരം രണ്ടു ടേമുകളിലായി, ഒന്നാം ടേമിന്റെ അവസാനത്തിൽ അർദ്ധ വാർഷിക പരീക്ഷയും രണ്ടാം ടേമിന്റെ അവസാനത്തിൽ വർഷാന്ത്യ പരീക്ഷയും എന്ന രീതിയിൽ ടേം പരീക്ഷകൾ പരിമിതപ്പെടുത്തി. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിന് ഊന്നൽ നൽകി. അതിനായി പ്രോജക്ട്, അസൈൻമെന്റ്, സെമിനാർ, ശാസ്ത്ര പരീക്ഷണങ്ങൾ എന്നിവയ്ക്ക് പുറമെ യൂണിറ്റ് പരീക്ഷകളും നിർബന്ധമാക്കി. |
| ബി) മൂല്യനിർണ്ണയം സംബന്ധിച്ച പുതിയ കാഴ്ചപ്പാട് എന്താണ്; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തി എന്ന് വെളിപ്പെടുത്തുമോ; | ബി) പഠനത്തോടൊപ്പം വിലയിരുത്തലും നടത്തുക എന്നതാണ് മൂല്യനിർണയം സംബന്ധിച്ച പുതിയ കാഴ്ചപ്പാട്. ഓരോ കുട്ടിയും പഠനത്തിലേർപ്പെടുന്ന സന്ദർഭത്തിൽ നിർമ്മിക്കുന്ന പുതിയ അറിവുകളുടെ തെളിവുകൾ അപ്പോൾ തന്നെ ശേഖരിക്കുകയും (പഠനത്തെളിവുകൾ) അവ വിലയിരുത്തി, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളോടെ കുട്ടികൾക്ക് തിരിച്ചു നൽകുകയും ചെയ്യുന്നു. ഇതിനെ 'പോർട്ട്ഫോളിയോ വിലയിരുത്തൽ' എന്നാണ് പറയുന്നത്. ഈ പ്രക്രിയയെ 'പഠനം ഉറപ്പാക്കാനുള്ള വിലയിരുത്തൽ' (അസസ്മെന്റ് ഫോർ ലേണിംഗ്) എന്നും വിളിക്കുന്നു. ഇതോടൊപ്പം കുട്ടി സ്വയം നടത്തുന്ന വിലയിരുത്തലും (അസസ്മെന്റ് ആസ് ലേണിംഗ്) യൂണിറ്റ് അവസാനത്തിലോ, ടേം അവസാനത്തിലോ നടത്തുന്ന പഠനവിലയിരുത്തലും |

(അസ്സസ്മെന്റ് ഓഫ് ലേണിംഗ്)ഉം ചേർന്നതാണ് പുതിയ മൂല്യനിർണ്ണയം.

| | | | |
|---|---|---|---|
| സി) | യൂണിറ്റ് അസസ്മെന്റ് സമ്പ്രദായം പഠന നിലവാരം ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) | ഇല്ല. എന്നാൽ എ.എസ്.ഇ.ആർ 2009-ന്റെ പഠനവും ഇ.ഐ-ഇൻഡ്യയും ഗൂഗിളും ചേർന്ന് നടത്തിയ പഠനവും കുട്ടികളുടെ പഠനനിലവാരം ഉയർന്നതായി തെളിവുകൾ നൽകുന്നുണ്ട്. ഇതുപ്രകാരം പഠന നിലവാരത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനത്തുള്ളവരെക്കാൾ ബഹുദൂരം മുന്നിലാണ്. എസ്.എസ്.എൽ.സി പരീക്ഷയിലെ കഴിഞ്ഞ 3 വർഷത്തെ വിജയശതമാനം പഠനനിലവാരം ഉയർന്നതിന് തെളിവായി ചൂണ്ടിക്കാട്ടാം. |
| ഡി) | ഹയർ സെക്കന്ററി വരെ പരീക്ഷയ്ക്ക് ഗ്രേഡിംഗ് വരുത്തിയതു മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ? | ഡി) | ഹയർസെക്കന്ററി തലം വരെ ഗ്രേഡിംഗ് നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. ഇക്കാര്യത്തിൽ താഴെപ്പറയുന്ന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്.<br>1. ചെറിയ മാർക്കിന്റെ വ്യത്യാസത്തിൽ കുട്ടികളെ തോറ്റവരെന്നും, ജയിച്ചവരെന്നും വേർതിരിക്കുന്ന രീതിയ്ക്ക് മാറ്റം വന്നു.<br>2. വ്യത്യസ്ത വിഷയങ്ങളിൽ മികവു കാട്ടുന്ന കുട്ടികൾക്ക് തങ്ങളുടെ മികവുകളെ നില നിർത്താനും, പിന്നോക്കമുള്ള വിഷയങ്ങളിൽ മിനിമം ഗ്രേഡ് നേടി തുടർപഠനത്തിന് അവസരമൊരുക്കാനും ഗ്രേഡിംഗ് രീതി സഹായിച്ചു.<br>3. ഇത് എസ്.എസ്.എൽ.സി പരീക്ഷയിലെ വിജയശതമാനം ഉയർത്താനും കൂടുതൽ കുട്ടികൾക്ക് പ്ലസ്ടു തലം വരെ പഠനം തുടരാനും അവസരമൊരുക്കി.<br>4. പ്ലസ്ടു തലത്തിലേക്ക് ഗ്രേഡിംഗ് വന്നതോടെ തങ്ങൾക്ക് ഇഷ്ടപ്പെട്ട വിഷയങ്ങളിൽ ആഴത്തിൽ ധാരണ നേടുമ്പോൾ മറ്റു വിഷയത്തിൽ മിനിമം ഗ്രേഡ് വാങ്ങി തുടർപഠനം ഉറപ്പാക്കാനും കുട്ടികൾക്ക് കഴിഞ്ഞു.<br>5. പരീക്ഷാ സമ്മർദ്ദം, അനാവശ്യമായ മൽസരം, റാങ്ക്-ഒന്നാം സ്ഥാനം ഇവയ്ക്കുള്ള അനഭിലഷണീയമായ മത്സരങ്ങൾ കുറയ്ക്കാൻ കഴിഞ്ഞു.<br>6. വിവര കേന്ദ്രിതമായിരുന്ന പരീക്ഷാ രീതി വൈദഗ്ദ്ധ്യത്തിന്റെയും പ്രായോഗ ധാരണകളുടെയും കൂടി പരീക്ഷയും വിലയിരുത്തലും ആയി മാറി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 413 16.07.2010 - ൽ മറുപടിക്ക്

## റോഡ് സുരക്ഷാ ക്ലബ്ബുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. കെ. രാജു<br>ശ്രീ.എ. കെ. ചന്ദ്രൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ | | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര ക്ലബ്ബുകൾ രൂപീകരിച്ചു; | (എ) | ഇതിനകം 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ ക്ലബ്ബുകളുടെ പ്രവർത്തന രീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെട്ട റോഡ് സുരക്ഷാ ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി ഒരു നിയമാവലിയുണ്ട്. പ്രസ്തുത നിയമാവലിയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നതിൻ പ്രകാരമാണ് ക്ലബ്ബിന്റെ പ്രവർത്തന രീതി മുന്നോട്ട് പോകുന്നത്.<br><br>**1. പ്രവർത്തനമേഖല**<br>1. റോഡ് സുരക്ഷയെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക.<br>2. ട്രാഫിക് നിയമങ്ങളെയും, നടപടിക്രമങ്ങളെയും സംബന്ധിച്ച് റോഡുപയോക്താക്കളെ ബോധവൽക്കരിക്കുക.<br>3. വിവിധങ്ങളായ ട്രാഫിക് സാഹചര്യങ്ങളിൽ ഉചിതമായ പ്രവർത്തനം നടത്തുവാനുള്ള വൈദഗ്ദ്ധ്യം വിദ്യാർത്ഥികളിൽ വളർത്തുക.<br>4. ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുവാൻ സഹായിക്കുക. |

| | | | |
|---|---|---|---|
| | | | 5. ട്രോമാകെയർ പ്രവർത്തനങ്ങളിൽ വോളണ്ടിയർ ആയി പ്രവർത്തിക്കുക. |
| | | | 6. റോഡ് ഉപയോക്താക്കളുടെ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയാവുക.<br><br>2. രക്ഷാധികാരി<br>ക്ലബ്ബിന്റെ രക്ഷാധികാരി ട്രാൻസ്പോർട്ട് കമ്മീഷണറാണ്.<br><br>3. അംഗങ്ങൾ<br>വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും ക്ലബ്ബിലെ അംഗങ്ങളാകാവുന്നതാണ്.<br><br>**4. ജനറൽ ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും.**<br>ക്ലബ്ബിന് ഒരു ജനറൽ ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡന്റും, അദ്ധ്യാപക - അനദ്ധ്യാപക സ്റ്റാഫുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏഴുപേരും, മോട്ടോർ വാഹന വകുപ്പിൽ നിന്നും രക്ഷാധികാരി നോമിനേറ്റ് ചെയ്യുന്ന ഒരുദ്യോഗസ്ഥനും അടങ്ങിയതാണ്.<br><br>**5. ഭാരവാഹികൾ**<br>ക്ലബ്ബിന്റെ ഭാരവാഹികളായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരാണ് ഔദ്യോഗിക കൃത്യനിർവ്വഹണം ചെയ്യുന്നത്.<br><br>**6.ഭാരവാഹികളെ തിരഞ്ഞെടുക്കൽ**<br>ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവനാണ് പ്രസിഡന്റ്, ബാക്കിയുള്ള ഭാരവാഹികളെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 7. രജിസ്ട്രേഷൻ<br>ക്ലബ്ബിന്റെ രജിസ്ട്രേഷന്റെ അധികാരി ട്രാൻസ്പോർട്ട് കമ്മീഷണർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.<br>8. ഫണ്ട്<br>അംഗത്വ ഫീ, സംഭാവനകൾ, ഇതര സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിക്കുന്ന ധനസഹായം, ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് എന്നീ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്നതാണ് ക്ലബ്ബിന്റെ ഫണ്ട്. |
| (സി) | സംസ്ഥാനത്ത് സ്പീഡ് ട്രാഫിക് റഡാറുകളും റഡാർ സർവയലൻസ് സംവിധാനങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി എത്രയാണെന്ന് വെളിപ്പെടുത്തുമോ ? | (സി) | മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സ്പീഡ് റഡാറുകളും റഡാർ സർവേയ്ലൻസ് സംവിധാനങ്ങളും സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ആയതിലേക്കായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗതാഗത വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പദ്ധതിയോടൊപ്പം റഡാർ സർവേയ്ലൻസ് സംവിധാനവും കൂട്ടിച്ചേർത്ത് ഒരൊറ്റ പദ്ധതിയായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>സംസ്ഥാനത്തെ തിരുവനന്തപുരം. കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത 15 സ്ഥലങ്ങളിലാണ് പ്രസ്തുത സംവിധാനം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി കേരള സ്റ്റേറ്റ് ഐ.ടി മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനം പദ്ധതി നടത്തിപ്പിനായി അനുയോജ്യമായ ഒരു സേവന ദാതാവിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. |

| | | | |
|---|---|---|---|
| | | | രണ്ടു ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.<br>സേവനദാതാവുമായി കരാർ ഒപ്പിട്ട് 3 മാസത്തിനകം ആദ്യഘട്ടം പൂർത്തിയാക്കുന്നതാണ്.<br>അതിനുശേഷം ഒരു മാസത്തെ നിരീക്ഷണത്തിനുശേഷം അടുത്ത ഘട്ടത്തിനുള്ള അനുമതി നൽകി ടി ഘട്ടം നാലുമാസത്തിനകം പൂർത്തിയാക്കുന്നതുമാണ്.<br>പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ സേവനദാതാവിനെ കണ്ടെത്തുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. സേവന ദാതാവിനെ കണ്ടെത്തിതിനു ശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 414** **16.07.2010 - ലെ മറുപടി**

**"ബോട്ടുജട്ടികളുടെ നവീകരണം"**

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞിരാമൻ**
**ശ്രീ. സി.കെ. സദാശിവൻ**
**ശ്രീ. എം.കെ. പുരുഷോത്തമൻ**
**ശ്രീ. വി.എൻ. വാസവൻ**

**മറുപടി**

**ശ്രീ. ജോസ് തെറ്റയിൽ,**
**(ഗതാഗത വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ബോട്ടുജട്ടികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ബോട്ടുജെട്ടികളുടെ പരിഷ്ക്കരണത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | എത്ര ബോട്ടുജട്ടികൾ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (ബി) | പയ്യന്നൂർ മേഖലയിലെ കവ്വായി-മാടയ്ക്കൽ എന്നിവിടങ്ങളിൽ പുതിയ കോൺക്രീറ്റ് ജെട്ടികൾ പണിയുന്നതിന് കണ്ണൂർ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് 14 ലക്ഷം രൂപയും, ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും, പാണാവള്ളിയിലും സ്റ്റേഷൻ ഓഫീസും ജെട്ടിയും പണിയുന്നതിന് പി.ഡബ്ള്യൂ.ഡി./ ഇറിഗേഷൻ വകുപ്പുകൾക്ക് യഥാക്രമം 100 ലക്ഷം, 45 ലക്ഷം രൂപ വീതവും വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ വൈക്കത്തെ ആർ.സി.സി ജെട്ടിയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) | പുതുതായി സ്റ്റേഷൻ ആഫീസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | സ്വീകരിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ മുഹമ്മയിൽ പി.ഡബ്ള്യൂ.ഡി. മുഖേന 121 ലക്ഷം രൂപ ചെലവിൽ പണിയാൻ ഉദ്ദേശിക്കുന്ന സ്റ്റേഷൻ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 100 ലക്ഷം രൂപ വകുപ്പ് നിക്ഷേപിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയായി. പാണാവള്ളിയിൽ ഇറിഗേഷൻ വകുപ്പ് മുഖേന പണിയുന്ന സ്റ്റേഷൻ ഓഫീസ് കെട്ടിടത്തിനായി 45 ലക്ഷം രൂപ വകുപ്പ് നിക്ഷേപിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പുരോഗമിക്കുന്നു. കൂടാതെ കൊല്ലത്ത് പുതുതായി സ്റ്റേഷൻ ഓഫീസ് നിർമ്മിക്കുന്നതിന്റെ പ്രാരംഭ |
| (ഡി) | എങ്കിൽ വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | നടപടിയായി കൊല്ലം ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനോട് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | മുഹമ്മ സ്റ്റേഷൻ ആഫീസിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ; | (ഇ) | മുഹമ്മ സ്റ്റേഷൻ ആഫീസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്. |
| (എഫ്) | ബോട്ടുജെട്ടികളിൽ കൂര നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എഫ്) | ഉണ്ട്. ബോട്ട് ജെട്ടികളിൽ കൂര നിർമ്മിച്ച് കൂരയിൽ പരസ്യം പതിക്കുന്നതിനുള്ള വർക്ക് ഓർഡർ ക്വട്ടേഷൻ വിളിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 415 16/07/2010-ൽ മറുപടിക്ക്

## ഓപ്പൺ സ്കൂൾ

**ചോദ്യം**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
,, പി. വിശ്വൻ :
,, എം. പ്രകാശൻ മാസ്റ്റർ :

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നിലവിലുള്ള ഓപ്പൺ സ്കൂൾ സംവിധാനം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഓപ്പൺ സ്കൂളിൽ എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) | 2009-11 ബാച്ചിൽ റഗുലർ വിഭാഗത്തിൽ 6238 വിദ്യാർത്ഥികളും പ്രൈവറ്റ് വിഭാഗത്തിൽ 90922 വിദ്യാർത്ഥികളും ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പഠന സൗകര്യങ്ങളാണ് നൽകുന്നത്; | സി) | ഹയർ സെക്കണ്ടറി കോഴ്സിന്റെ സിലബസ്സിനെ അടിസ്ഥാനമാക്കി ഓപ്പൺ സ്കൂൾ തയ്യാറാക്കിയിട്ടുള്ള പഠന സഹായികൾ ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും തപാൽ മാർഗ്ഗം അയച്ചു കൊടുക്കുന്നു. ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത പഠനകേന്ദ്രങ്ങളിൽ വച്ച് അവധി ദിവസങ്ങളിൽ ഓരോ വിഷയത്തിനും കോൺടാക്ട് ക്ലാസ്സുകൾ നൽകി വരുന്നു. ഓരോ വിഷയത്തിനും പ്രതിവർഷം 30 മണിക്കൂർ വീതം തിയറി ക്ലാസ്സും പ്രാക്ടിക്കൽ ഉള്ള വിഷയങ്ങൾക്ക് ഒന്നാം വർഷം 10 മണിക്കൂർ, രണ്ടാം വർഷം 20 മണിക്കൂർ എന്ന ക്രമത്തിൽ പ്രാക്ടിക്കൽ ക്ലാസ്സും ഇവർക്ക് നൽകുന്നുണ്ട്. |
| ഡി) | ഓപ്പൺ പ്രൈവറ്റ് വിഭാഗത്തിന് നൽകുന്ന പരിശീലന പരിപാടി വിശദമാക്കുമോ; | ഡി) | ഓപ്പൺ പ്രൈവറ്റ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നിരന്തര മൂല്യ നിർണയത്തിന്റെ ഭാഗമായുള്ള പ്രോജക്ട്, അസൈൻമെന്റ് എന്നിവ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സ് നൽകിവരുന്നു. വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾ ആവശ്യാനുസരണം ജില്ലാ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ കഴിഞ്ഞ രണ്ടു വർഷത്തെ വിജയശതമാനം എത്രയായിരുന്നു; | ഇ) | 2009 ലെ വിജയ ശതമാനം 37 % വും 2010 ലേത് 34 % വും ആണ്. |
| എഫ്) | ഓപ്പൺ സ്കൂളിലെ പഠന പദ്ധതി മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; | എഫ്) | ഓപ്പൺ സ്കൂളിലെ പഠനപദ്ധതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിക്ടേഴ്സ് ചാനലുമായി സഹകരിച്ചുകൊണ്ട് ഓരോ വിഷയത്തിനും അഞ്ച് എപ്പിസോഡുകൾ വീതമുള്ള വീഡിയോ ക്ലാസ്സ് തയ്യാറാക്കി രാത്രി 7 നും 10 നും ഇടയ്ക്ക് സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന- പരീക്ഷാ സംബന്ധമായ മാനസിക സംഘർഷം ഒഴിവാക്കുന്നതിനും തൊഴിൽപരമായ അറിവുകൾ നൽകുന്നതിനുമായി കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് പ്രോഗ്രാം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ജി) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഒരു സ്വതന്ത്ര സ്ഥാപനമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | ജി) | ഉണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 416

16.07.2010 - ൽ മറുപടിയ്ക്ക്

## പോളിടെക്നിക്കുകളുടെ പാഠ്യപദ്ധതി പരിഷ്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ടി. അഹമ്മദ് അലി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | പോളിടെക്നിക്കുകളുടെ പാഠ്യപദ്ധതി അടുത്ത കാലത്തായി പരിഷ്കരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ; | എ) | ഉണ്ട്; പോളിടെക്നിക്ക് പാഠ്യപദ്ധതിയുടെ ഒന്നും രണ്ടും സെമസ്റ്റർ പരിഷ്കരിച്ചു കഴിഞ്ഞു. ക്രെഡിറ്റ് & സെമസ്റ്റർ രീതിയിലാണ് പരിഷ്കരിക്കുന്നത്. |
| (ബി) | സിലബസ് പരിഷ്കരണം മൂലം മാറ്റം വന്ന പുസ്തകങ്ങൾക്ക് പകരമുള്ള പുസ്തകം തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ടോ; | ബി) | പോളിടെക്നിക് പാഠ്യക്രമത്തിൽ സർക്കാർ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്ന രീതി നിലവിലില്ല. |
| (സി) | പാഠപുസ്തകം ലഭിക്കാത്തതിനാൽ പല പോളിടെക്നിക്കുകളിലും ഒന്നാം വർഷ ക്ലാസുകളിൽ പഠനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 417 16/07/2010-ൽ മറുപടിക്ക്

### ബദൽ വിദ്യാലയങ്ങളുടെ ഭരണനിർവ്വഹണവും പാഠ്യക്രമീകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. വർക്കല കഹാർ :
,, ജോർജ്ജ് മേഴ്സിയർ :
,, എ. എ. ഷുക്കൂർ :
,, എ. പി. അനിൽകുമാർ :

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ ബദൽ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടി വരുന്ന ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാല്, ഏഴ്, പത്ത് തുടങ്ങിയ തുല്യതാ കോഴ്സുകൾ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും നടത്തിവരുന്നു. |
| ബി) | സംസ്ഥാനത്ത് ഇപ്പോൾ ഇതിനായി എത്ര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു; | ബി) | എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ 446 ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2967 വിദ്യാകേന്ദ്രങ്ങൾ വഴി നാല്, ഏഴ് എന്നിവയുടെ തുല്യത ക്ലാസ്സുകളും പത്താംതരം തുല്യതാ പഠന കേന്ദ്രങ്ങളായി 333 സർക്കാർ/എയ്ഡഡ് സ്കൂളുകളും സ്കൂൾ പഠനം നിർത്തിയവർക്കായി പ്രവർത്തിക്കുന്നു. |
| സി) | ഇത്തരം വിദ്യാലയങ്ങളുടെ ഭരണ നിർവ്വഹണവും പാഠ്യക്രമീകരണങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് പുതുതായി എന്തൊക്കെ സംവിധാനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; | സി) | എസ്.എസ്.എ.യുടെ ബദൽ വിദ്യാലയങ്ങളിലെ സ്വയം പഠന സാമഗ്രികൾ പരിഷ്കരിക്കുന്നതിനും, അവ വിനിമയം ചെയ്യുന്നതിന് വിദ്യാഭ്യാസ വോളണ്ടിയർമാർക്ക് പരിശീലനം നൽകുന്നതിനും ഉദ്ദേശമുണ്ട്.<br>തുല്യതാ കോഴ്സുകൾ നടത്തുന്ന വിദ്യാലയങ്ങളുടെ ഭരണ നിർവ്വഹണവും പാഠ്യ ക്രമീകരണങ്ങളും (സർക്കാർ/എയ്ഡഡ് സ്കൂളുകളൊഴികെ) സംസ്ഥാന സാക്ഷരതാമിഷൻ, എസ്.സി.ഇ.ആർ.ടി., ഡയറ്റ്, ത്രിതല പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ ചുമതലയിലാണ് നടത്തിവരുന്നത്. പുസ്തകപരിഷ്കരണം, പഠനോപകരണ വിതരണം, ഇൻസ്ട്രക്ടർമാർക്കുള്ള ഓണറേറിയം വിതരണം എന്നിവ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം ബദൽ സംവിധാനത്തിലൂടെ തുടർവിദ്യാഭ്യാസം നടത്തുന്ന സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്താനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യാനും പ്രത്യേക സംവിധാനം ആരംഭിക്കുമോ ? | ഡി) | സമർത്ഥരായ കുട്ടികളുടെ സർഗാത്മകതയെ പരിപോഷിപ്പിക്കുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രത്യേക പ്രവർത്തനങ്ങളും പരിശീലനങ്ങളും എസ്.എസ്.എ. വഴി നൽകുന്നുണ്ട്.<br>ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ വിദ്യാകേന്ദ്രം പ്രേരക്മാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർ മുഖാന്തിരം പഠിതാക്കളെ കണ്ടെത്തി അവർക്കാവശ്യമായ പഠന സൗകര്യങ്ങൾ പ്രദാനം ചെയ്യാനുള്ള സംവിധാനം തുല്യതാ പഠനകേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 418 — 16-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യിൽ സീസൺ ടിക്കറ്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ | ശ്രീ. ജോസ് തെറ്റയിൽ,<br>ഗതാഗത വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യിൽ സീസൺ ടിക്കറ്റ് സംവിധാനം ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ മാത്രം സീസൺ ടിക്കറ്റ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. |
| (ബി) | പ്രസ്തുത സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന്, സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | അടുത്ത ഘട്ടമെന്നനിലയിൽ ഉദാരമായ വ്യവസ്ഥകളോടെ എറണാകുളം ജെട്ടി-ഗുരുവായൂർ, തൃശ്ശൂർ-പാലക്കാട്, പാലക്കാട്-കോഴിക്കോട്, എറണാകുളം-തൃശ്ശൂർ എന്നീ റൂട്ടുകളിൽ അടുത്തഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കാനാകുമെന്നു കണ്ടാൽ മറ്റുജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |
| (സി) | സീസൺ ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതു വഴി കെ.എസ്.ആർ.ടി.സി. ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ കഴിയുമെന്നതും ഇതു മൂലം വരുമാനം കൂടുമെന്നതിനെ സംബന്ധിച്ച്, സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | സീസൺ ടിക്കറ്റ് സംവിധാനം വ്യാപകമാക്കിയാൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കാനും അതുവഴി കൂടുതൽ വരുമാനമുണ്ടാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് എത്രമാത്രം പ്രായോഗികമാകുമെന്ന് അറിയാനാണ് രണ്ടാം ഘട്ടമെന്നനിലയിൽ തെരഞ്ഞെടുത്ത റൂട്ടുകളിൽ നടപ്പാക്കുന്നത്. |
| (ഡി) | വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 419

16.07.2010 -ൽ
മറുപടിയ്ക്ക്.

## വിദ്യാർത്ഥികൾക്ക് വ്യാവസായികോത്പാദന പരിശീലനം

**ചോദ്യം**

ശ്രീ. എം.മുരളി
ശ്രീ. ജി.കാർത്തികേയൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.സി.പി.മുഹമ്മദ്

**ഉത്തരം**

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യാലയങ്ങളിലെ പഠന കാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് വ്യവസായിക വൈദഗ്ദ്യം ലഭ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

**(എ)** എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയൽ വിസിറ്റ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1) വിദ്യാർത്ഥികളെ 20-30 ദിവസം നിർബന്ധമായും വ്യാവസായിക പരിശീലനത്തിന് അയയ്ക്കുന്നുണ്ട്.
2) എഞ്ചിനീയറിംഗ് കോളേജുകൾ വ്യവസായ സ്ഥാപനങ്ങൾ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രം ഒപ്പു വയ്ക്കുന്നു.
3) കുട്ടികളുമായി ആശയ വിനിമയം നടത്തുന്നതിന് വ്യവസായ പ്രമുഖരെ ക്ഷണിക്കുന്നു.
4) വ്യവസായ പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.

**(ബി)** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറും, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും വ്യവസായ വിദ്യാഭ്യാസ മേഖലാ വികസനം പ്രാവർത്തികമാക്കാനായി എന്തൊക്കെ പരിപാടികൾക്കാണ് രൂപം നൽകിവരുന്നത്;

**(ബി)** തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ വ്യവസായ വിദ്യാഭ്യാസ മേഖലാ വികസനം പ്രാവർത്തികമാക്കാനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറുമായി ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിലൂടെ കോളേജും സ്ഥാപനവും തമ്മിൽ അടുത്ത സമ്പർക്കം പുലർത്തുന്നു. വിദ്യാർത്ഥികളുടെ സ്ഥാപന സന്ദർശനം, വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിലെ സാങ്കേതിക വിദഗ്ധരുടെ ക്ലാസ് വ്യവസായത്തിനുവേണ്ട സാങ്കേതിക സഹായം കോളേജിൽ നിന്നു നൽകുക. സ്ഥാപനവുമായി ചേർന്ന് പ്രോജക്റ്റുകൾ തയ്യാറാക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **(സി)** | ഇതിനായി എന്തൊക്കെ കരാറുകൾ ഈ രണ്ട് സ്ഥാപനങ്ങളുമായി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | **(സി)** | ഇതിനായി രണ്ടു സ്ഥാപനങ്ങളും തമ്മിൽ ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. |
| **(ഡി)** | പഠന കാലത്ത് വിദ്യാർത്ഥികൾക്ക് വ്യവസായികോത്പാദന പരിശീലനം നൽകുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; | **(ഡി)** | ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ "ടെക്നോളജി ഇൻക്യുബേഷൻ സെന്റർ" സ്ഥാപിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ ധനസഹായത്തോടെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ഐ.പി.ആർ. സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കാനും പദ്ധതിയുണ്ട്. |
| **(ഇ)** | കൂടുതൽ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇത്തരം പദ്ധതികൾ കലാലയങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | **(ഇ)** | നടപടി സ്വീകരിക്കും.<br>ഇതിനായി സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് എന്ന സ്ഥാപനം തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ആരംഭിച്ചിട്ടുണ്ട്. ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് സമ്പർക്കം ശക്തിപ്പെടുത്തുക ഇതിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കൂടുതൽ വ്യവസായ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടാൻ നടപടി സ്വീകരിക്കുന്നതാണ്. വ്യവസായ ഗവേഷണത്തിനായി ലബോറട്ടറികളും സജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 420 16.07.2010 - ലെ മറുപടി

## "ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം ടൂറിസം മേഖലയിൽ വ്യാപിപ്പിക്കുന്നതിന് നടപടി"

ചോദ്യം

ശ്രീ. സി.എച്ച്. കുഞ്ഞമ്പു
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. ബി. രാഘവൻ

മറുപടി

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം, ടൂറിസം മേഖലയിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. ജലഗതാഗത രംഗത്തെ ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് പതിനാല് വർഷമായി നിറുത്തി വച്ചിരുന്ന കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് പുന:രാരംഭിച്ചു. കൂടാതെ, സ്വദേശികളും, വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് കുട്ടനാടിന്റെ ഭംഗി, കുറഞ്ഞ ചെലവിൽ ആസ്വദിക്കുന്നതിനായി 'സീ കുട്ടനാട്' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി അപ്പർഡെക്ക് സൗകര്യങ്ങളോടു കൂടിയ രണ്ട് ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) | കുട്ടനാടിന്റെ ഭംഗി ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ 'സീ കുട്ടനാട്' പദ്ധതി ആരംഭിക്കുന്നതിന്, നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ഇതിനായി ആധുനിക സംവിധാനങ്ങളുള്ള ബോട്ടുകൾ ലഭ്യമാക്കുമോ; | | |
| (ഡി) | വകുപ്പിന്റെ വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റ് കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാന ജലഗതാഗത വകുപ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ആഗോള തലത്തിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആലപ്പുഴ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന www.swtd.gov.in എന്ന വെബ്സൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ